# ഗോസ്പൽ മെസഞ്ചർ

₹12

VOLUME XVII ISSUE 1 | APRIL 2026 | ക്രിസ്തീയ കുടുംബ മാസിക



"അവൻ ഇവിടെ ഇല്ല; താൻ
പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു"
(മത്തായി 28:6)

## ഈസ്റ്റർ
ആശംസകൾ

CONTENTS

03 പീഡാനുഭവചിന്തകൾ
ഡോ. വി. പി. മത്തായി വാലയിൽ

05 യുദ്ധഭീതി
ഡോ. നെൽസൻ മാത്യു വാലയിൽ

07 ദാമ്പത്യബന്ധം ആസ്വാദ്യമാക്കാൻ ലൈംഗികവിശുദ്ധി
പ്രൊഫ. ജോൺ സഖറിയ

09 ജീവിതവിജയം
ഡോ. നെൽസൺ അബ്രാഹം

11 പോത്തിഫറിന്റെ ഭാര്യ
ലീലാമ്മ ഉമ്മൻ

13 തടസ്സങ്ങളെ മാറ്റുക
റവ. ബേസിൽ ജോർജ്ജ്

15 സ്വർണ്ണനിറത്തിലുള്ള പേന
ടീച്ചർ

25 ദൈവപദ്ധതിയും പൂർവ്വജ്ഞാനവും
സി. ജി. തോമസ്

- അഗ്നി അഗ്നിയെ ഉൽപാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം

EDITORIAL

# പ്രാർത്ഥിക്കുക; പ്രവർത്തിക്കുക

**ലോ**കം പിന്നിട്ട നൂറ്റാണ്ടുകളുടെ ചരിത്രം പരിശോധിച്ചാൽ അനേക സാമ്രാജ്യങ്ങളുടെ വളർച്ചയും തളർച്ചയും കാണാം. അവ വളർന്നതും തളർന്നതും അസ്തമിച്ചതും യുദ്ധങ്ങളിലൂടെയാണ്. യുദ്ധങ്ങൾ, അന്തിമമായി മനുഷ്യസമൂഹത്തിന് നൽകിയത് ദുരിതങ്ങളും ദുഃഖങ്ങളും അസമാധാനവും മാത്രമാണ്.

സമകാലിക ചരിത്രത്തിൽ ഉണ്ടായിട്ടുള്ള യുദ്ധങ്ങളിൽ സമാനതകളില്ലാത്ത ഒന്നാണ് 2026 ഫെബ്രുവരി 28ന് മദ്ധ്യപൂർവ്വേഷ്യയിൽ ആരംഭിച്ചിരിക്കുന്നത്. ഒരുവശത്ത് ഇറാനും മറുവശത്ത് ഇസ്രായേൽ - അമേരിക്ക സഖ്യവും മുഖാമുഖം നിന്ന് പോരാടുമ്പോൾ, ഇരുപക്ഷത്തും വന്നുകൊണ്ടിരിക്കുന്ന ആൾനാശവും നാശനഷ്ടങ്ങളും വളരെ ഭീതിദമാണ്. എന്നാൽ ദൈവമക്കൾക്ക് ഒന്ന് അറിയാം. ഇത് അന്ത്യകാല ലക്ഷണങ്ങളിൽ ഒന്നാണ്. അതുകൊണ്ട്, വീണ്ടുംവരുന്ന കർത്താവിനെ എതിരേല്പാൻ ജാഗ്രതയോടെ ഒരുങ്ങാം. കർത്താവ് പറഞ്ഞു: "നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ" (മത്താ 24:44).

രാഷ്ട്രങ്ങളുടെ ഇടയിൽ നടക്കുന്ന ഇത്തരം യുദ്ധങ്ങളെക്കാൾ ഭീകരമായ മറ്റൊരു യുദ്ധമുണ്ട്. അത്, ദൈവരാജ്യവും സാത്താന്യശക്തിയും തമ്മിലുള്ള അദൃശ്യയുദ്ധമാണ്. (The war between the kingdom of God and the force of evil). ഇവിടെ ശത്രു അലറുന്ന സിംഹമായ പിശാചാണ്. ദൈവവഴിയിൽനിന്നും ഏവരെയും തെറ്റിക്കുവാൻ-കഴിയുമെങ്കിൽ ദൈവത്തിന്റെ വൃതന്മാരെപ്പോലും (the elect of God)-അവൻ പല വഴികളും നോക്കുന്നു (മത്തായി 24:24).

അദൃശ്യമായ യുദ്ധത്തിന്റെ ദൃശ്യമായ പ്രകടനങ്ങൾ വിവിധ രാജ്യങ്ങളിൽ നടക്കുന്നു. അനേകം വിശ്വാസികൾ നിർദയം വധിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ കാരണം മറ്റൊന്നുമല്ല. ഒന്നാം നൂറ്റാണ്ടുമുതലുള്ള ചരിത്രം പരിശോധിച്ചാൽ എണ്ണമറ്റ വിശ്വാസികളെ ഭീകരമായി കൊന്നുകളഞ്ഞത് കാണാം.

ആഫ്രിക്കൻ രാജ്യങ്ങളിലും, ഗൾഫ് ദേശത്തും, കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും വധിക്കപ്പെട്ടത് അസംഖ്യം വിശ്വാസികളാണ്. സ്വതന്ത്രഭാരതത്തിൽപ്പോലും ഇന്ന് 2000-ത്തോളം ക്രിസ്തീയ പ്രവർത്തകർ ജയിലിൽ കഴിയുന്നു. 2025 ഡിസംബർ 30 ന് പുറത്തുവന്ന ഫിഡെഡ് ഏജൻസിയുടെ വാർഷിക റിപ്പോർട്ട് അനുസരിച്ച് ഏറ്റവും അധികം മിഷനറിമാരുടെ ചുടുരക്തം മണ്ണിൽ വീണ വർഷമാണ് 2025.



വി. പൌലൊസ് എഴുതി: "കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനില്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ." (എഫെ. 6:10,11).

നമുക്ക് ഒരു പോരാട്ടമുണ്ട്. We are in a christian warfare. അമിതബലത്തിനായി പ്രാർത്ഥിക്കുക; സർവ്വായുധവർഗ്ഗം ധരിച്ച് ഒരുങ്ങുക; കർത്താവിനുവേണ്ടി ധീരമായി പ്രവർത്തിക്കുക.

■■■

റവ. പി.വി. യാക്കോബ്

EDITORIAL BOARD

PUBLISHER : Dr. V. P. Mathai Valayil
CHIEF EDITOR : Rev.P.V. Yacob
EXECUTIVE EDITOR : Rajan M Thomas
EDITOR : Baby George
MEMBERS : Dr. Nelson Mathew, Soja Tony, Alice Shajan, Sajitha M.S.

GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist., Kerala 683556

egmofindia@gmail.com
8281616654

For Donation to Gospel Messenger

ഡയറക്ടറുടെ കത്ത്





ഡോ. വി.പി. മത്തായി വാലയിൽ

# പീഡാനുഭവചിന്തകൾ
## THOUGHTS OF SUFFERING

**പരമാവധി ശുശ്രൂഷക്ക് പരമാവധി പീഡനം എന്നല്ലാതെ എന്തു പറയും എന്നാൽ കർത്താവിന്റെ പീഡാനുഭവങ്ങൾക്ക് നമുക്ക് ചില സന്ദേശങ്ങൾ നല്കുവാൻ കഴിയും.**

ഈ ദിവസങ്ങൾ കർത്താവിന്റെ പീഡാനുഭവചിന്തകളിലൂടെ, നാം കടന്നുപോകുകയാണല്ലോ. കർത്താവിന്റെ പീഡാനുഭവം ഒരു സാധാരണ സംഭവമായിരുന്നില്ല. ലോകത്തിന്റെ ചരിത്രത്തെയും കാലഘട്ടങ്ങളെയും പ്രമാണങ്ങളെയും തമ്മിൽ വേർതിരിക്കുന്നതായിരുന്നെങ്കിൽ അത് ദൈവത്തെയും മനുഷ്യനെയും നിരപ്പിക്കുവാനും (യോജിപ്പിക്കുവാനും) സ്വർഗ്ഗവും ഭൂമിയും (ലോകം) തമ്മിലുള്ള അകലം ഇല്ലാതാക്കുവാനും ഉള്ളതായിരുന്നു. മൂന്നരവർഷക്കാലത്തെ തന്റെ ത്യാഗം നിറഞ്ഞ ശുശ്രൂഷയുടെ സമാപനം ത്യാഗമേറിയ ക്രൂശ്മരണമായിരുന്നു. കർത്താവ് തന്റെ പ്രേക്ഷിതശുശ്രൂഷ നാനാവിഭാഗത്തിലുള്ള ആളുകൾക്കായി സമർപ്പിച്ചു. പക്ഷേ അവർ അവസാനം അടിയും ആണിയും മുൾക്കിരീടവും സമ്മാനിച്ചു. പരമാവധി ശുശ്രൂഷക്ക് പരമാവധി പീഡനം എന്നല്ലാതെ എന്തു പറയും എന്നാൽ കർത്താവിന്റെ പീഡാനുഭവങ്ങൾക്ക് നമുക്ക് ചില സന്ദേശങ്ങൾ നല്കുവാൻ കഴിയും.

പ്രവചനങ്ങളുടെ പൂർത്തീകരണമായിരുന്നു കർത്താവിന്റെ പീഡാനുഭവം യെശയ്യാവ് 53:3-5, സങ്കീ. 22. പ്രവാചകൻ കർത്താവിന്റെ ക്രൂശുമരണത്തെ നൂറ്റാണ്ടുകൾക്കു മുന്നേ "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറെച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ


**വചനപഠനത്തിന് ഒരവസരം**

2026 മെയ് 4 (തിങ്കൾ) മുതൽ 8 (വെള്ളി) വരെ അല്ലപ്ര മിഷൻ സെന്ററിൽ വച്ച് എല്ലാ ദിവസവും രാവിലെ 10 am മുതൽ 4 pm വരെ ശ്രേഷ്ഠരായ ദൈവദാസന്മാർ വേദപുസ്തകത്തിലെ വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ പഠിപ്പിക്കുന്നു. ഏവർക്കും സ്വാഗതം. ഓഫീസ് നമ്പറിൽ വിളിച്ചോ ഓൺലൈനായോ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.
Ph: +91 8281616654, +91 9446610923

വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു" (യെശയ്യാവ് 53:3–5). എന്ന് ഭൂതകാലത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു നമ്മെ അത്ഭുതപ്പെടുത്തുന്നില്ലേ. വേദപുസ്തകത്തിലെ എല്ലാ പുസ്തകങ്ങളിലും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ നമ്മുടെ കർത്താവിന്റെ രക്ഷാദൗത്യത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ കർത്താവിന്റെ ജനന, മരണ, പുനരുത്ഥാനങ്ങൾ ന്യായപ്രമാണത്തിന്റെയും പ്രവചനങ്ങളുടെയും പൂർത്തീകരണമായിരുന്നു.

കർത്താവിന്റെ പീഢാനുഭവത്തിന് ഒരു കാരണമുണ്ടായിരുന്നു. അത് മനുഷ്യരാശിയോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയായിരുന്നു. നമ്മോടുള്ള സ്നേഹത്താൽ കർത്താവ് തന്റെ സ്നേഹത്തെ വെളിപ്പെടുത്തി. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16).

മനുഷ്യരാശിയെ രക്ഷിക്കുവാനുള്ള പിതാവായ ദൈവത്തിന്റെ പദ്ധതിയെ പുത്രനായ ദൈവം അതേപടി അനുസരിക്കുന്നതായിരുന്നു തന്റെ പീഢാനുഭവമെന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു. മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നേ അനുസരണമുള്ളവനായിത്തീർന്നു" (ഫിലി 2:6–8). ഒന്നാം മനുഷ്യന്റെ അനുസരണക്കേടിനാൽ വന്നുപോയ പാപത്തിന്റെ വിഷമിറക്കാൻ പൂർണ്ണമായി അനുസരിക്കുവാൻ ഒടുക്കത്തെ ആദാമായ കർത്താവ് തയ്യാറായിരിക്കുന്നു തന്റെ അത്യുന്നതമായ സ്ഥാനം വിട്ട് ഇറങ്ങി ശപിക്കപ്പെട്ടവർക്ക് ഒരുക്കുന്ന ക്രൂശ് വരെ സഹിക്കുവാൻ മനസ്സുകാണിച്ചവൻ അനുസരണത്തിന്റെ പര്യായമാണ്.

കർത്താവിന്റെ പീഢാനുഭവങ്ങൾ പാപങ്ങൾക്കുള്ള പ്രായശ്ചിത്തമായിരുന്നു. കർത്താവിന്റെ കഷ്ടപ്പാടുകൾ നമ്മുടെ പാപങ്ങൾക്ക് അഥവാ തെറ്റുകൾക്കുള്ള പിഴയടക്കൽ ആയിരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ നമ്മൾ ചെയ്ത തെറ്റുകൾക്ക് കർത്താവ് വില നൽകുകയായിരുന്നു. ക്ഷമയും ദൈവത്തോടുള്ള അനുരഞ്ജനവും സാദ്ധ്യമാക്കിത്തീർത്തു. "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമർ 5:8). നമ്മുടെ അവസ്ഥക്ക് വ്യത്യാസം വരുത്തുവാൻ നാം പാപികളായിരിക്കുമ്പോൾ തന്നേ, കൊള്ളരുതാത്തവർ ആയിരിക്കുമ്പോൾ തന്നേ നമുക്ക് പകരമായി മരിച്ചു; ചുരുങ്ങിയത് 24 മണിക്കൂർ എങ്കിലും നീണ്ടുനിന്ന ശാരീരിക, മാനസിക പീഢനം (മർക്കൊസ് 15.) വാചാമഗോചരമായിരുന്നു. കർത്താവിനല്ലാതെ ആർക്കാണ് നമ്മുടെ പാപങ്ങൾക്ക് വിടുതൽതരുവാൻ കഴിയുന്നത്. "നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന്നു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു" (1 പത്രൊസ് 2:24). നമ്മുടെ പാപത്തിന്റെ ശിക്ഷ കർത്താവിന്റെ മേലായി എന്ന് സാരം. ഈ തിരിച്ചറിവ് ഹൃദയപൂർവ്വം നാം സ്വായത്തമാക്കുമ്പോൾ ആണ് നമ്മൾ കർത്താവിന്റെ പീഢാനുഭവങ്ങളിൽ പങ്കാളിയാകുന്നത്. ഇതോടെ നമ്മോടുള്ള കർത്താവിന്റെ സ്നേഹത്തെ നാം തിരിച്ചറിയുന്നു. ദൈവത്തിന്റെ കരുതൽ നാം നാൾതോറും അനുഭവിക്കുവാൻ തുടങ്ങുന്നു.

കർത്താവിന്റെ പീഢാനുഭവം നമുക്കുള്ള മാതൃകയാണ്. യേശുകർത്താവിന്റെ വിശ്വാസത്തോടും സ്ഥിരോത്സാഹത്തോടുംകൂടി നമ്മുടെ സ്വന്തം പരീക്ഷകളെ നേരിടാൻ നമ്മെ പ്രാപ്തരാക്കുന്നു. ഈ ലോകയാത്രയിൽ പൂർണ്ണമായും നമുക്ക് മാതൃകയാക്കാൻ കർത്താവ് മാത്രമേ ഉള്ളു. സ്നേഹത്തിന് നമ്മുടെ കർത്താവാണ് നമുക്ക് മാതൃക. സഹനത്തിന് നമ്മുടെ കർത്താവിന്റെ സഹനമാണ് മാതൃക. അനുസരണത്തിന് നമ്മുടെ കർത്താവ് മാത്രമാണ് മാതൃക. താഴ്മക്കും വിനയത്തിനും നമ്മുടെ കർത്താവ് തന്നെയാണ് മാതൃക. "ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രേ ചെയ്തതു" (1 പത്രൊസ് 2:21–23). നമ്മൾ കഷ്ടപ്പാടിലൂടെ കടന്നുപോകുമ്പോൾ തളർന്നുപോകാതിരിക്കേണ്ടതിന് ഇങ്ങനെയുള്ള കഷ്ടപ്പാടുകൾ സഹിച്ചവനെ ധ്യാനിച്ചുകൊള്ളുവിൻ എന്ന് വി. പൌലൊസ് പറയുന്നു. "നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ

(ശേഷം പേജ് 12 – ൽ)

ജീവിത ചിന്തകൾ



ഡോ. നെൽസൺ മാത്യു വാലയിൽ

# യുദ്ധഭീതി

**ലോ**കം യുദ്ധഭീതിയിൽ. ആഗോള സംഘർഷങ്ങൾ വർധിച്ചുവരികയാണ്. ഇറാൻ, ഇസ്രായേൽ, യുണൈറ്റഡ് സ്റ്റേറ്റ്സ്, റഷ്യ, ഉക്രൈൻ മുതലായ രാജ്യങ്ങൾ സജീവമായി യുദ്ധമുഖത്താണ്. മിഡിൽഈസ്റ്റിലുടനീളം സംഭവിക്കുന്ന മിസൈൽ ആക്രമണങ്ങളെക്കുറിച്ച് വാർത്താ തലക്കെട്ടുകൾ നിറഞ്ഞുനിൽക്കുന്നു. രാജ്യങ്ങൾ തമ്മിലുള്ള സമീപകാല സൈനിക ആക്രമണങ്ങളും പ്രതികാര നടപടികളും ഇതിനകംതന്നെ കനത്ത നാശത്തിനും പ്രാദേശിക അസ്ഥിരതക്കും സാമ്പത്തിക ആഘാതങ്ങൾക്കും കാരണമായിട്ടുണ്ട്. ഈ ഭൗമ രാഷ്ട്രീയ പോരാട്ടങ്ങൾ ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് നാശംവിതറി കോടിക്കണക്കിന് ജനങ്ങളെ അഭയാർത്ഥികളും പാഴ്വസ്തുവും ആക്കിത്തീർത്തിരിക്കുകയാണ്. ലോകത്തിന്റെ പല പ്രദേശങ്ങളിലും ചെറിയ യുദ്ധങ്ങളും പിരിമുറുക്കങ്ങളും തലപൊക്കിക്കൊണ്ടിരിക്കുന്നു.

ലോകചരിത്രത്തിൽ മനുഷ്യരാശി ഒരിക്കലും യുദ്ധത്തിന്റെ നിഴലിൽനിന്ന് പൂർണ്ണമായും രക്ഷപ്പെട്ടിട്ടില്ല. യുദ്ധം ഒരു ആധുനിക പ്രതിഭാസമല്ല. രാഷ്ട്രങ്ങൾ തമ്മിലുള്ള സംഘർഷം വളരെ നേരത്തേ തന്നെ മനുഷ്യചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതാണ്. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ഉല്പത്തിപുസ്തകം അദ്ധ്യായം 14-ൽ ബൈബിളിലെ ആദ്യത്തെ യുദ്ധം വിവരിച്ചിരിക്കുന്നു. തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ ആദ്യത്തെ യുദ്ധം അവലോകനംചെയ്താൽ യുദ്ധത്തിന്റെ മനഃശാസ്ത്രം, മനുഷ്യന്റെ അഭിലാഷം, ഭയം, നേതൃത്വം, ചരിത്രത്തിലെ  ദൈവത്തിന്റെ ഇടപെടൽ മുതലായവയെക്കുറിച്ച് ആഴത്തിലുള്ള ഉൾക്കാഴ്ച ലഭിക്കുന്നതാണ്.

ആദ്യകാല നാഗരികതകൾ മുതൽ ഇന്നുവരെയുള്ള മനുഷ്യചരിത്രത്തെ രൂപപ്പെടുത്തുന്നതിൽ യുദ്ധങ്ങൾക്ക് നിർണ്ണായകമായ പങ്കാണ് ഉള്ളത്. സംഘർഷങ്ങളിലൂടെയാണ് രാഷ്ട്രങ്ങൾ ഉയർന്നുവരുന്നതും വീഴുന്നതും. ഓരോ യുദ്ധത്തിനു പിന്നിലും ഭയം, അഭിലാഷം, ധൈര്യം, കഷ്ടപ്പാട് എന്നിവയുടെ കഥകളുണ്ട്. ചരിത്രത്തിലെ വലിയ സാമ്രാജ്യങ്ങൾ അവരുടെ യുദ്ധങ്ങളിലേക്ക് രംഗപ്രവേശംചെയ്യുന്നതിനു വളരെ മുമ്പുതന്നെ ബൈബിൾ ചരിത്രത്തിൽ യുദ്ധപശ്ചാത്തലങ്ങൾ കടന്നുവന്നു.

ഉല്പത്തി 14-ൽ ഒരു യുദ്ധത്തിന്റെ വിവരണമുണ്ട്. രാജാക്കന്മാരുടെ ഒരു സഖ്യം മറ്റൊരു സഖ്യവുമായി പോരാടുന്ന രംഗം. "അപ്പോൾ സൊദോംരാജാവും ഗൊമോരാരാജാവും ആദ്മാരാജാവും സെബോയീംരാജാവും സോവാർ എന്ന ബേലയിലെ രാജാവും പുറപ്പെട്ടു സിദ്ദീംതാഴ്വരയിൽ വെച്ച് ഏലാംരാജാവായ കെദൊർലായോമെർ, ജാതികളുടെ രാജാവായ തീദാൽ, ശിനാർരാജാവായ അമ്രാഫെൽ,  എലാസാർരാജാവായ  അര്യോക് എന്നിവരുടെ നേരേ പടനിരത്തി; നാലു രാജാക്കന്മാർ അഞ്ചു രാജാക്കന്മാരുടെ നേരേ തന്നേ. (ഉല്പത്തി 14:8,9). ഈ സംഭവങ്ങളുടെ ഹ്രസ്വ വിവരണത്തിന് പിന്നിൽ സഖ്യങ്ങൾ, കലാപം, സൈനിക തന്ത്രം, അബ്രാമിന്റെ ധീരമായ ഇടപെടൽ എന്നിവ ഉൾപ്പെടുന്ന സങ്കീർണ്ണമായ ഒരു കഥയുണ്ട്.

സൊദോമിലെയും ഗൊമോരയിലെയും രാജാക്കന്മാർ ഉൾപ്പെടെ യോർദാൻപ്രദേശത്തെ നിരവധി ചെറിയ രാജാക്കന്മാർ പന്ത്രണ്ട്വർഷക്കാലം, ശക്തനായ ഒരു കിഴക്കൻ ഭരണാധികാരിയായ കെദൊർലായോമെരിന്റെ അധികാരത്തിൻ കീഴിൽ സേവിച്ചു. പതിമൂന്നാം വർഷം അവർ മത്സരിച്ചു, അവന്റെ നിയന്ത്രണത്തിൽ തുടരാൻ വിസമ്മതിച്ചു. കലാപം പ്രതികാരത്തിന് കാരണമായി. പതിന്നാലാം വർഷം, കെദൊർലായോമെരും സഖ്യകക്ഷികളും അവരുടെ സൈന്യങ്ങളുമായി പടിഞ്ഞാറോട്ട് മാർച്ച് ചെയ്തു, സിദ്ദീംതാഴ്വരയിലെ മത്സരികളായ രാജാക്കന്മാരെ നേരിടുന്നതിന്മുമ്പ് വഴിയിൽ വിവിധ

ഗോത്രങ്ങളെ പരാജയപ്പെടുത്തി. മാത്രമല്ല, സൊദോമിലെയും ഗൊമോറയിലെയും രാജാക്കന്മാരെ പരാജയപ്പെടുത്തി. അവരുടെ നഗരങ്ങൾ കൊള്ളയടിച്ചു. അബ്രാമിന്റെ അനന്തരവൻ ലോത്ത് ഉൾപ്പെടെ നിരവധി ആളുകളെ ബന്ദികളാക്കി.

യുദ്ധം പലപ്പോഴും ആരംഭിക്കുന്നത് അധികാരത്തിനും നിയന്ത്രണത്തിനും വേണ്ടിയാണ്. ഉല്പത്തി 14-ലെ സംഘർഷം അധികാരത്തിനും ആധിപത്യത്തിനുംവേണ്ടിയുള്ള പോരാട്ടത്തോടെയാണ് ആരംഭിച്ചത്. ചെറിയ രാജ്യങ്ങൾ വളരെക്കാലം ശക്തനായ ഒരു ഭരണാധികാരിയുടെ ഭരണത്തിൻകീഴിൽ ജീവിച്ചിരുന്നു. ഒടുവിൽ അവർ മത്സരിച്ചു, യുദ്ധം ആരംഭിച്ചു. ചരിത്രത്തിലുടനീളം ഈ രീതി ആവർത്തിക്കുന്നു. ഒരു കൂട്ടം മറ്റൊരു കൂട്ടത്തെ നിയന്ത്രിക്കാൻ ശ്രമിക്കുന്നു. ഒടുവിൽ അടിച്ചമർത്തപ്പെട്ടവർ ചെറുക്കുന്നു. അതോടെ യുദ്ധം ആരംഭിക്കുന്നു.

മനഃശാസ്ത്രപരമായി, അധികാരത്തിനും ആധിപത്യത്തിനുമുള്ള മനുഷ്യന്റെ ആഗ്രഹം ആഴത്തിൽ വേരൂന്നിയതാണ്. 'അധികാര ചലനാത്മകത' (Power Dynamics) യെക്കുറിച്ച് സാമൂഹിക മനഃശാസ്ത്രജ്ഞർ പലപ്പോഴും സംസാരിക്കുന്നു. മറ്റുള്ളവരെക്കാൾ സ്വാധീനം, സുരക്ഷ അല്ലെങ്കിൽ ശ്രേഷ്ഠത തേടുന്ന പ്രവണത. അധികാരം പ്രധാന പ്രചോദനമാകുമ്പോൾ, സംഘർഷം അനിവാര്യമായിത്തീരുന്നു. അധികാരത്തിനായുള്ള അനിയന്ത്രിതമായ അഭിലാഷത്തിനും നിയന്ത്രണത്തിനായുള്ള അമിതമായ ആർത്തിക്കും സമാധാനത്തെയും സ്ഥിരതയെയും നശിപ്പിക്കാൻ കഴിയുമെന്ന് യുദ്ധം നമ്മെ പഠിപ്പിക്കുന്നു.

ഈ യാഥാർത്ഥ്യത്തെ അഭിസംബോധനചെയ്തുകൊണ്ട് യേശു പറഞ്ഞു: "നിങ്ങളിൽ അങ്ങനെ അരുത്; നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസനാകേണം" (മത്തായി 20:26,27).

ഭയവും പലപ്പോഴും യുദ്ധത്തിലേക്ക് മനുഷ്യനെ തള്ളിവിടുന്നു. യഥാർത്ഥമോ സാങ്കൽപ്പികമോ ആയ ഭീഷണികൾ തിരിച്ചറിയുമ്പോൾ, അവർ കൂടുതൽ സംശയാസ്പദരും പ്രതിരോധാത്മകരും പോരാടാൻ തയ്യാറുള്ളവരുമായി മാറുന്നു. ഭയം ജ്ഞാനത്തെക്കാൾ അതിജീവനത്തിന് മുൻഗണന നൽകുന്നു, അപ്രകാരമുള്ള തീരുമാനങ്ങൾ എടുക്കാൻ പ്രേരിപ്പിക്കുന്നു. വിനാശകരമായ പ്രവർത്തിക്ക് പ്രേരിപ്പിക്കാനുള്ള ശക്തി ഭയത്തിനുണ്ട്. എന്നിരുന്നാലും ദൈവം തന്റെ മക്കളോട് ഭയപ്പെടാതെ തന്നിൽ വിശ്വസിക്കാനാണ് ആവശ്യപ്പെടുന്നത്.

യുദ്ധത്തിന്റ കഠിനമായ യാഥാർത്ഥ്യത്തെ ഉല്പത്തി 14-ൽ കാണാവുന്നതാണ്. നഗരങ്ങൾ കൊള്ളയടിക്കപ്പെട്ടു. കുടുംബങ്ങൾ വേർപിരിഞ്ഞു. നിരപരാധികളെ ബന്ദികളാക്കി. യുദ്ധം സൈനികരെ മാത്രമല്ല സാധാരണക്കാരെയും ബാധിക്കുന്നു. എങ്കിലും അതേ കഥയിൽ മനുഷ്യത്വത്തിന്റെ മറ്റൊരു വശവും കാണുന്നു: ധൈര്യത്തിന്റെയും വിശ്വസ്തതയുടെയും. ലോത്ത് പിടിക്കപ്പെട്ടുവെന്ന് കേട്ടപ്പോൾ അബ്രാം നിഷ്ക്രിയനായി നിന്നില്ല. തുടക്കത്തിൽ സംഘർഷത്തിന്റെ ഭാഗമല്ലായിരുന്നെങ്കിലും, അദ്ദേഹം പ്രവർത്തിക്കാൻ തീരുമാനിച്ചു. തന്റെ വീട്ടിൽനിന്ന് പരിശീലനം ലഭിച്ച 318 പുരുഷന്മാരെ ശേഖരിച്ച്, ശത്രുവിനെ പിന്തുടർന്ന് ഒരു രാത്രി ആക്രമണം നടത്തി, തടവുകാരെ വിജയകരമായി മോചിപ്പിക്കുന്നു.

സ്നേഹവും ഉത്തരവാദിത്വവും ഭയത്തെ അതിജീവിച്ച് ധൈര്യത്തെ ഉണ്ടാക്കുന്നു. പ്രിയപ്പെട്ടവരെ സംരക്ഷിക്കുമ്പോഴോ നീതിക്കുവേണ്ടി നിലകൊള്ളുമ്പോഴോ മനുഷ്യരിൽ അസാധാരണമായ ധൈര്യം കാണുവാൻ കഴിയും. അബ്രാമിന്റെ ധൈര്യം ദൈവത്തിലുള്ള വിശ്വാസത്തിൽ വേരൂന്നിയതായിരുന്നു. ദൈവം തന്നെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യുമെന്ന് അവൻ വിശ്വസിച്ചു. ദൈവം വിജയംനൽകി. ജയം ദൈവം തന്നതാണ് എന്ന ബോധ്യമാണ് അബ്രാം മൽക്കീസേദെക്കിനെ കണ്ടുമുട്ടിയപ്പോൾ കൊള്ളയുടെ പത്തിലൊന്ന് വഴിപാടായി നൽകുവാൻ പ്രേരണയായത്. സംഘർഷസമയങ്ങളിൽ വിശ്വാസത്തിന് നമ്മിൽ ശക്തമായ ഒരു സ്ഥിരത നൽകുവാൻ കഴിയും.

വിജയത്തിനുശേഷം സൊദോംരാജാവ് ശത്രുക്കളിൽനിന്ന് വീണ്ടെടുത്ത സമ്പത്ത് അബ്രാമിന് വാഗ്ദാനം ചെയ്തു. എന്നാൽ അബ്രാം അത് നിരാകരിച്ചു. "അതിന് അബ്രാം സൊദോംരാജാവിനോടു പറഞ്ഞത്: ഞാൻ അബ്രാമിനെ സമ്പന്നനാക്കിയെന്നു നീ പറയാതിരിപ്പാൻ ഞാൻ ഒരു ചരടാകട്ടെ ചെരുപ്പുവാറാകട്ടെ നിനക്കുള്ളതിൽ യാതൊന്നുമാകട്ടെ എടുക്കയില്ല എന്നു ഞാൻ സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ അത്യുന്നതദൈവമായ യഹോവയിങ്കലേക്കു കൈ ഉയർത്തി സത്യം ചെയ്യുന്നു" (ഉല്പത്തി 14:22-23). വിജയത്തിനുശേഷവും ധാർമ്മിക സത്യസന്ധത പ്രധാനമാണെന്ന് അബ്രാം മനസ്സിലാക്കി. യുദ്ധവും വിജയവും പലപ്പോഴും അത്യാഗ്രഹത്തിലേക്കും ചൂഷണത്തിനും പ്രേരിപ്പിക്കുന്നു, പക്ഷേ അബ്രാം സ്വീകരിച്ചത് വ്യത്യസ്തമായ രീതിയായി.

യുദ്ധം നൽകുന്നത് നഷ്ടത്തിന്റെ കണക്കു മാത്രമാണ്. ഇരുകൂട്ടർക്കും. അംഗീകരിച്ചാലും ഇല്ലെങ്കിലും. യുദ്ധം ശാരീരികമായും വൈകാരികമായും ആത്മീയമായും മുറിവുകൾ അവശേഷിപ്പിക്കുന്നു. സൈനികരും സാധാരണക്കാരും ഒരുപോലെ ഈ ആഘാതം ഏറ്റുവാങ്ങുന്നു. യുദ്ധം അവസാനിച്ചതിനുശേഷവും ഭയം, ദുഃഖം, നഷ്ടം എന്നിവ മനുഷ്യരെ വേട്ടയാടുന്നു.

(ശേഷം പേജ് 30 - ൽ)



ക്രിസ്തീയ
കുടുംബം



പ്രൊഫ. ജോൺ സഖറിയ

# ദാമ്പത്യബന്ധം ആസ്വാദ്യമാക്കാൻ ലൈംഗികവിശുദ്ധി

ഇന്നത്തെ സമൂഹം ലൈംഗിക അരാജകത്വത്തിലാണ് എന്ന് പറഞ്ഞാൽ തെറ്റല്ല. ആയതിന് ധാരാളം കാരണങ്ങൾ ഉണ്ട്.

മനുഷ്യന് ദൈവം ലൈംഗിക കഴിവും അവസരവും നൽകിയത് പക്ഷിമൃഗാദികൾക്ക് നൽകിയത് പോലെയല്ല. നല്ല തുണയായിരിപ്പാൻ ആണ് സ്ത്രീയെ ആദാമിൽനിന്നെടുത്ത് ദൈവം ആദാമിന് നൽകിയത്. തക്കതുണ ഒരു വ്യക്തി മാത്രം; ആജീവനാന്ത ജീവിതപങ്കാളി. ദൈവിക സത്യം ഇതായിരുന്നെങ്കിലും പഴയനിയമകാലത്ത് ദൈവ വിശ്വാസികൾപോലും പലപ്പോഴും ഇതിൽനിന്ന് തെറ്റിപ്പോയിരുന്നു. എന്നാൽ പുത്രനിലൂടെ ദൈവിക പദ്ധതി പൂർണ്ണമായി വെളിപ്പെടുത്തിയതോടെ ഏക പങ്കാളി കുടുംബബന്ധത്തിൽ എന്ന പ്രമാണം ക്രിസ്തീയസമൂഹത്തിൽ മാത്രമല്ല മിക്കവാറും സമൂഹങ്ങളിലും വെല്ലുവിളിക്കുന്ന പ്രമാണം അത്രേ.

## എന്താണ് ലൈംഗികവിശുദ്ധി?

ഇന്നത്തെ സമൂഹമോ സാമൂഹ്യപരിഷ്കർത്താക്കളോ നിയമങ്ങളോ എന്തുപറഞ്ഞാലും ദൈവികദാനമായ ലൈംഗികത പവിത്രവും പരിശുദ്ധവും വിവാഹബന്ധത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതും അത്രേ. പരസ്പര സമ്മതത്തോടുള്ള ലൈംഗികബന്ധം ആരുമായിട്ടുമാകാം എന്ന പ്രമാണം പ്രാകൃതവും അധാർമ്മികവും ദൈവം സ്ഥാപിച്ച കുടുംബബന്ധ പ്രമാണങ്ങളെ വെല്ലുവിളിക്കുന്നതും അത്രേ. കർത്താവിന്റെ പർവ്വതപ്രസംഗത്തിൽ വ്യഭിചാര കൽപ്പനാലംഘനം ശാരീരികമായി മാത്രമല്ല ഒരു പുരുഷന് ഒരു സ്ത്രീയെ കുറിച്ച് ലൈംഗികവികാരം ഉണ്ടായാൽ വ്യഭിചാരം അവന് മാനസികമായും സംഭവിക്കാം എന്ന് വെളിപ്പെടുന്നു.

ആദാമും ഹവ്വായും പാപംചെയ്തപ്പോൾ അവർ തങ്ങളുടെ നഗ്നതയെക്കുറിച്ച് ബോധവാന്മാരായി. ദൈവം വിവാഹാവസ്ഥയിൽ സന്തോഷത്തിന് നിയമിച്ച ലൈംഗികത സമൂഹത്തിൽ ഇന്ന് അനർത്ഥങ്ങൾക്കും ധാർമ്മിക തകർച്ചകൾക്കും അതുവഴി ആരോഗ്യപരമായ തകർച്ചകൾക്കും കാരണമായി. പരസ്പര സ്പർദ്ധക്കും കൊലപാതകങ്ങൾക്കും മാനഹാനികൾക്കും മാത്രമല്ല മറ്റുള്ളവരെ തകർക്കുന്നതിന്വരെ ലൈംഗികതയെ, പ്രത്യേകിച്ച് സ്ത്രീകളെ, ഉപയോഗിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്.

കുടുംബജീവിതത്തിന്റെ മാനുവൽ (ലഘു ഗ്രന്ഥം) വേദപുസ്തകം എങ്കിലും ക്രിസ്തീയ വിശ്വാസികളും ശുശ്രൂഷകരും പോലും ഈ പ്രമാണത്തിന്റെ അന്തസത്ത അവഗണിക്കുന്ന അവസ്ഥയാണിന്നുള്ളത്.

ലൈംഗിക ചിന്തകളോടും പ്രവർത്തികളോടും ഉള്ള നമ്മുടെ അശുദ്ധപ്രതികരണം കുടുംബജീവിതത്തെ തകർക്കുന്നതാണ്. വിവാഹത്തെക്കുറിച്ച് ചിന്തിക്കുമ്പോഴോ വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുമ്പോഴോ അല്ല വളരെ ചെറുപ്പകാലത്ത് തന്നേ ശുദ്ധമായ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്.

ലൈംഗികത എന്ന് പറയുമ്പോൾത്തന്നെ അശുദ്ധമായ ഒരു അർത്ഥമാണ് മനുഷ്യരിൽ ഉണ്ടാകുക. പുസ്തകങ്ങളിലൂടെയും മീഡിയയിലൂടെയും ലഭിക്കുന്ന മതിപ്പ് വളരെ വക്രവും വികലവും ആയിരിക്കുമ്പോൾ ഒരു ക്രിസ്തീയ വിശ്വാസി ദൈവം ഉദ്ദേശിച്ച വിശുദ്ധിയിലും പാവനതയിലും മനോഹാരിതയിലും ലൈംഗികതയെ വീക്ഷിക്കണം.

ക്രിസ്തുവിശ്വാസിയുടെ ശരീരം ദൈവത്തിന്റെ ആലയം അത്രേ (1 കൊരി. 6:13-18). ആ ശരീരത്തെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവും ഉള്ള യാഗമായി സമർപ്പിച്ച് ദൈവത്തെ ആരാധിക്കണം (റോമ. 12:1). ആദാമിനെപ്പോലെ പരീക്ഷ നമുക്കും ഉണ്ടാകുമ്പോൾ, ദൈവം നമ്മിൽനിന്ന്

പ്രതീക്ഷിക്കുന്നത് നാം ആ പരീക്ഷയെ അതിജീവിക്കുക എന്നതാണ്.

അശുദ്ധമായ ചിന്തകൾ നമ്മിൽ വരാൻ ഇക്കാലത്ത് വളരെയേറെ മുഖാന്തരങ്ങൾ ഉണ്ട്; പ്രത്യേകിച്ച് സ്ത്രീകളെക്കാൾ പുരുഷന്മാരിൽ, യുവാക്കളിൽ. അശുദ്ധമായ ചിന്തകളും ലൈംഗികതയുടെ ലോകമാനദണ്ഡങ്ങളും നമ്മെ സ്വാധീനിച്ചാൽ ആയത് വിവാഹജീവിതത്തെ സാരമായി ബാധിക്കും. സത്യവിശ്വാസി എന്ന് അഭിമാനിക്കുന്ന ഉന്നതവിദ്യാഭ്യാസം ഉള്ള ഒരു ചെറുപ്പക്കാരൻ Pornography-ൽ നിന്ന് പഠിച്ച കാര്യങ്ങൾ അനുസരിച്ച് തന്റെ ഭാര്യ പ്രവർത്തിക്കാത്തതിനാൽ വിവാഹം കഴിഞ്ഞ് രണ്ടാഴ്ചക്കകം വിവാഹമോചനത്തിൽ എത്തി. ലൈംഗിക പരീക്ഷകളിൽ നമ്മെപ്പോലെ കർത്താവും കടന്നുപോയിട്ടുണ്ട് (എബ്രാ. 4:15). ചിന്തകൾ ഹൃദയത്തിൽ വരുന്ന സമയം തന്നെ അവയെ തള്ളിക്കളഞ്ഞാൽ നാം പാപം ചെയ്യുന്നില്ല. എന്നാൽ അവയെ നമ്മുടെ ഹൃദയത്തിൽ താലോലിച്ച് മനസ്സിനെയും ശരീരത്തിന്റെ അവയവങ്ങളെയും വിധേയപ്പെടുത്തുമ്പോഴാണ് നാം പാപത്തിൽ വീഴുന്നത്. "പറവകൾ നമ്മുടെ തലെക്കു മീതെ പറക്കാതിരിക്കുകയില്ല. പക്ഷേ അവർ നമ്മുടെ തലയിൽ കൂടുവെക്കുവാൻ തടയുന്നതാണ്" പാപത്തിൽ വീഴാതിരിക്കാനുള്ള മാർഗ്ഗം. ലൈംഗിക തീവ്രആസക്തികളെ വളരെ ചെറുപ്പത്തിൽത്തന്നെ അതിജീവിക്കാൻ പരിശീലിച്ചാൽ മാത്രമേ വിശുദ്ധജീവിതം സാധ്യമാകൂ.

വളരെ കൊച്ചുകുട്ടികൾ ആയിരിക്കുമ്പോൾ തന്നേ ജിജ്ഞാസകൊണ്ടോ പ്രായമുള്ളവരുടെ ഇടപെടൽകൊണ്ടോ ലൈംഗികാവയവത്തെ താലോലിക്കുന്ന സ്വഭാവം കുഞ്ഞുങ്ങളിൽ ഉണ്ടാകാം. മാതാ(പിതാ)ക്കൾ വരെ ആൺകുട്ടികളുടെ ലൈംഗികാവയവത്തെ ഒരു രസത്തിന് തലോടിക്കൊടുക്കുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. വാസ്തവത്തിൽ മാതാപിതാക്കളാണ് തങ്ങളുടെ കുഞ്ഞുങ്ങളുടെയും എതിർലിംഗത്തിൽ ഉള്ളവരുടെയും ലൈംഗികാവയവങ്ങളെപ്പറ്റി ശരിയായ പ്രബോധനവും ഉപയോഗവും പഠിപ്പിക്കേണ്ടത്. അപകടകരമായ ജിജ്ഞാസയിൽനിന്നും ഉത്തേജനത്തിൽനിന്നും വിടുതൽപ്രാപിച്ച് സ്വാഭാവികതയിലേക്ക് മക്കളെ ഉയർത്തുവാനുള്ള ഉത്തരവാദിത്വം അവർക്കാണ്.

മീഡിയയിലൂടെയും കൂട്ടുകാരിലൂടെയും വചനവിരുദ്ധമായ പല സംഗതികളും ശരിയെന്ന് കുഞ്ഞുങ്ങൾ ധരിച്ചുപോകുവാൻ സാധ്യതയുണ്ട്. ശരീരത്തിന്റെ അവയവങ്ങളുടെയും മനസ്സ്, വികാരം, ഇച്ഛാശക്തി എന്നിവയുടെയും ശിക്ഷണം നമ്മുടെ ഉത്തരവാദിത്വമാണ്. അങ്ങനെ ചെയ്താൽ ലൈംഗികപ്രലോഭനങ്ങളിൽ വീഴുകയില്ല എന്ന് മാത്രമല്ല ജീവിതത്തിൽ ചിട്ടയായി എല്ലാ കാര്യങ്ങളും ചെയ്യുന്നതിന് അവർക്ക് അടിസ്ഥാനമായിത്തീരുകയും ചെയ്യും. നമ്മുടെ കണ്ണുകളെയും കാതുകളെയും കരങ്ങളെയും ശിക്ഷണത്തിൽ ആക്കുന്നില്ലെങ്കിൽ നമ്മുടെ ചിന്തകളെ ശിക്ഷണത്തിൽ വരുത്തുവാൻ സാധിക്കില്ല. "നിന്റെ വചനത്തെ എന്റെ ഹൃദയത്തിൽ സംഗ്രഹിക്കുന്നതിനാൽ ഞാൻ പാപം ചെയ്യുന്നില്ല" (സങ്കീ.119:11). ദൈവത്തിന്റെ അംഗീകാരം നാം ആഗ്രഹിക്കുന്നുവെങ്കിൽ വിശുദ്ധവും ശരിയായുള്ളതും നിഷ്കളങ്കവും സൗന്ദര്യമുള്ളതും നല്ലതുമായ കാര്യങ്ങൾ ഹൃദയത്തിൽ എപ്പോഴും ഉണ്ടായിരിക്കണം (ഫിലി. 4:8). ഭാരതത്തിലെ പ്രഗൽഭനായ മിഷനറിയായിരുന്ന ഹെൻട്രി മാർട്ടിൻ ഈ വചനം പ്രായോഗികമാക്കിയതിനാൽ തനിക്ക് വലിയ വിടുതൽ ഉണ്ടായിരുന്നു എന്ന് സാക്ഷിക്കുന്നു. ഏതെങ്കിലും പെൺകുട്ടിയെക്കുറിച്ച് തനിക്ക് കാമവികാരം തോന്നിയാൽ അദ്ദേഹം പെട്ടെന്ന് ആ പെൺകുട്ടിക്കുവേണ്ടി, അവളുടെ ജീവിതം പരിശുദ്ധമായ ദൈവാലയം ആയിരിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. അങ്ങനെ തന്റെ ദുശ്ചിന്തകളിൽനിന്ന് പരിശുദ്ധാത്മശക്തിയാൽ അവൻ വിടുതൽപ്രാപിച്ചു. കുഞ്ഞുങ്ങളെ വളരെ ചെറുപ്പം മുതൽ ഇങ്ങനെ പഠിപ്പിച്ചാൽ, കൂട്ടുകാരിൽനിന്നും മീഡിയയിൽനിന്നും ലഭിക്കുന്ന ദോഷകരമായ അറിവുകളെക്കുറിച്ച് ബോധ്യപ്പെടുത്തിയാൽ, അവർക്ക് ചെറുപ്പത്തിൽത്തന്നെ ദോഷചിന്തകളിൽനിന്ന് വിമുക്തി പ്രാപിക്കാൻ സാധിക്കും. ഒരു കാര്യംകൂടെ ശ്രദ്ധിക്കാനുണ്ട്: പെൺകുട്ടികളെക്കുറിച്ചുള്ള ലൈംഗിക ചിന്തകൾ തങ്ങളുടെ മാനസികവും ശാരീരികവുമായ തകർച്ചക്ക് മാത്രമല്ല, തങ്ങൾ ആരെക്കുറിച്ച് ചിന്തിക്കുന്നുവോ അവരെയും ഒരുപക്ഷേ അവരറിയാതെ ദോഷകരമായി ബാധിക്കുവാൻ സാധ്യതയുണ്ട്. ആയതിനാൽ നല്ല ചിന്തകൾ എപ്പോഴും പ്രധാനമാണ്.


ഇതിന്റെ അർത്ഥം എതിർലിംഗത്തിൽ ഉള്ളവരെക്കുറിച്ച് വെറുപ്പ് നമുക്ക് തോന്നണം എന്നല്ല. അവരുടെ സൗന്ദര്യത്തെ അഭിനന്ദിക്കുന്നതിനും മാനിക്കുന്നതിനും യാതൊരു കുഴപ്പവുമില്ല. എന്നാൽ വീഴ്ചയിലായ മനുഷ്യജാതിയിൽപ്പെട്ട നാം ആവശ്യത്തിലധികം അതിൽ ശ്രദ്ധചെലുത്തിയാൽ ദുർമോഹത്തിൽ ചെന്നെത്താൻ ഇടയുണ്ട്. ദൈവത്മാവിന്റെ സ്ഥിരമായ വാസം നമ്മിൽ ബോധ്യപ്പെടുന്നത് വിജയത്തിന് സഹായകരമാണ്. "കർത്താവേ ഈ പരീക്ഷയിൽ ഞാൻ പെട്ടുപോകാതിരിക്കാൻ എന്നെ സഹായിക്കേണമേ" (മത്താ. 6:13) എന്ന് നാം സ്ഥിരമായി പ്രാർത്ഥിക്കുന്നു എങ്കിൽ വിജയം ലഭ്യമാണ്.

(തുടരും)

■■■



ജീവിത
സായാഹ്നം



ഡോ. നെൽസൺ
അബ്രഹാം

# ജീവിതവിജയം (WINNING LIFE)

എന്താണ് ജീവിതവിജയം എന്ന ചോദ്യത്തിന് നമ്മൾ വ്യക്തികളായി ചിന്തിക്കുമ്പോൾ പല ഉത്തരങ്ങൾ ആകും നൽകാനുണ്ടാവുക. വ്യക്തിപരമായ അനുഭവങ്ങൾ നമ്മുടെ ജീവിതത്തിലെ ജയപരാജയങ്ങളുടെ കാരണങ്ങളാണ്.

ചിലർ സ്വത്ത് സമ്പാദിക്കുന്നതിൽ വിജയം കാണുന്നു. മറ്റുചിലർ വലിയ പ്രശസ്തി നേടുന്നത് വിജയമായി കരുതുന്നു. വേറെചിലർക്ക് അധികാരവും, ആഡംബരവും വിജയമന്ത്രങ്ങളാണ്. എന്നാൽ എല്ലാം നേടിക്കഴിയുമ്പോഴും എന്തിന്റെയോ ഒരു കുറവ് പലരും അനുഭവിക്കുന്നു. അതിനായി അടുത്ത ഓട്ടം ആരംഭിക്കുന്നു.

നേടാൻ കഴിയാത്ത കാര്യങ്ങൾ അവരെ അസ്വസ്ഥരാക്കുന്നു. ജീവിതം പാതിവഴിയിൽ നഷ്ടമാക്കിക്കളഞ്ഞ അനേകർ നമുക്കുചുറ്റും ഒരു ചോദ്യച്ചിഹ്നമായി നൽക്കുന്നുണ്ടല്ലോ. എന്താണിതിന്റെ കാരണങ്ങൾ?

അസ്വസ്ഥതയുടെ കാരണങ്ങൾ ആത്യന്തികമായി ആന്തരിക ശൂന്യതയാണ്. യഥാർത്ഥ സംതൃപ്തി എന്താണ് എന്ന് അറിയാത്ത അവസ്ഥയും ആരോഗ്യവും മനശാന്തിയും നഷ്ടപ്പെടുത്തി, കഷ്ടപ്പെട്ട് കൈവരിച്ച പണമോ, യശസ്സോ, പദവികളോ ഒന്നും സന്തോഷത്തിന്റെ കാരണമായി തീരുന്നില്ല എന്ന തിരിച്ചറിവും നിരാശയുടെ പടുകുഴിയിലേക്ക് ഇവരെ തള്ളിയിടുന്നു.

അർത്ഥശൂന്യമായ വിജയവിചാരങ്ങൾക്കായി, അതിന്റെ പൂർത്തീകരണത്തിനായി ചിലവഴിച്ച ദിനങ്ങളും ജീവിതംതന്നെ ഇനി തിരികെ കിട്ടില്ലല്ലോ എന്ന ഉത്ക്കായും സദാസമയവും അവരെ അലട്ടിക്കൊണ്ടിരിക്കുന്നു. ജീവിതത്തിൽ സംതൃപ്തിയും, സന്തോഷവും കൈവരിച്ച് വിജയിയായി തീരുവാനുള്ള പ്രായോഗിക വഴികൾ എന്തെല്ലാമാണ്, നമുക്ക് ചിന്തിക്കാം.

യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിന്റെ 4:4-ൽ അദ്ദേഹം നമ്മെ അറിയിക്കുന്നത് ശ്രദ്ധിക്കുക. "കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽനിന്നുള്ളവർ ആകുന്നു. നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ വലിയവനല്ലോ" ലോകചിന്തകളിലും, ലൗകികവസ്തുക്കളുടെ പ്രൗഢിയിലും ആശ്രയിക്കുന്ന വ്യക്തിയാണോ ഞാൻ എന്ന് ചിന്തിക്കണം. നമ്മിലുള്ള കർത്താവ് ലോകത്തിലുള്ള സകലത്തിനെയുംകാൾ ഉന്നതനാണ് എന്ന് നാം തിരിച്ചറിയണം ആയതിനാൽ ലോകത്തിലുള്ളതിനെക്കാൾ ഉയരത്തിലുള്ളതിനെ നമുക്ക് അന്വേഷിക്കാം.

റോമർ 8:37 അറിയിക്കുന്നത് "നാമോ, നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു". നമുക്ക് പൂർണ്ണജയം നല്കുന്നത് ലോകത്തിന്റെ മോദങ്ങളല്ലാ എന്നും, നമ്മെ സ്നേഹിച്ച നമ്മുടെ കർത്താവിനാലാണ് എന്നും വി. പൌലൊസ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

2 കൊരിന്ത്യർ 2:14-ൽ കാണുന്നപ്രകാരം "ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലാടത്തും ഞങ്ങളെക്കൊണ്ടു തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന്നു സ്തോത്രം" ചെയ്യുവാൻ നാം മറക്കരുത്. ഇതാണ് ജീവിതവിജയത്തിന്റെ രഹസ്യം. എല്ലാറ്റിനും സ്തോത്രം ചെയ്യുന്നവരായി നമുക്ക് മാറാം.

അപ്രകാരം ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ച് അനന്തമായ ദൈവസ്നേഹത്തിൽ നമ്മെ ഉറപ്പിച്ച് എല്ലാറ്റിനും നന്ദികരേറ്റി സ്തോത്രത്തോടെ നമുക്ക് ജീവിക്കാം. ഇത്തരം നിലപാടുകൾ നമ്മെ സന്തുഷ്ടരാക്കുന്നു, വിജയികളാക്കുന്നു.

ചില ജീവിത വിജയമന്ത്രങ്ങൾ ചുവടെ ചേർക്കട്ടെ.

### 1. സ്വയ പ്രോത്സാഹനം (Self Motivation)

'ഞാൻ എന്ന വ്യക്തി ആരാണ്' എന്നുള്ള തിരിച്ചറിവാണ് നമ്മെത്തന്നേ പ്രോത്സാഹിപ്പിക്കുന്നത്. നമ്മുടെ മൂല്യങ്ങളെ തിരിച്ചറിയുവാൻ, നമ്മിൽത്തന്നെ വിശ്വാസമർപ്പിക്കുവാൻ നമുക്ക് കഴിയണം. ഇനിയും വളരുവാനുള്ള അവസരം എനിക്കുണ്ട് എന്ന് തിരിച്ചറിവ് നമ്മുടെ ജീവിതവിജയത്തിന്റെ പ്രോത്സാഹന ഉപാധികളാണ്. 2 തിമൊഥെയൊസ് 1:7-ൽ കാണുന്നപ്രകാരം "ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും, സ്നേഹത്തിന്റെയും, സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നത്. "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" എന്ന് ഫിലിപ്പ്യസഭയെ ഓർപ്പിക്കുന്നത് നമുക്കും നേടുവാനുള്ള വിജയമന്ത്രമാണ്. അവനിൽ ആശ്രയിച്ചിട്ട്, അവങ്കലുള്ള വിശ്വാസത്താൽ നമുക്ക് ധൈര്യവും, പ്രവേശനവും ഉണ്ടു (എഫെസ്യർ 3:12) എന്ന് നാം തിരിച്ചറിയണം. ജീവിതയാത്രയിൽ നമുക്ക് നേരിടുവാനുള്ള പ്രതിബന്ധങ്ങളെ (യുദ്ധങ്ങളെ) നാം തിരിച്ചറിയണം. ജീവിതമാകുന്ന ഈ മത്സരത്തിൽ കാഴ്ചക്കാരനായി നിൽക്കുവാനല്ല ദൈവം എന്നിൽ നിന്ന് ആഗ്രഹിക്കുന്നത് എന്ന് നാം തിരിച്ചറിയണം.

ദൈവം നൽകിയ അനുഗ്രഹങ്ങളെ നമ്മിൽ നിന്നും തട്ടിമാറ്റുന്ന ദുഷ്ടശക്തികളോട് നാം പോരാടണം. വിശ്വാസികൾ വിജയത്തിനായല്ല പോരാടുന്നത് എന്നാൽ ക്രിസ്തു നമുക്ക് നൽകിയ വിജയത്തിൽ നിന്നുകൊണ്ടാണ് നാം ശത്രുവിനെ പരാജയപ്പെടുത്തുന്നത് എന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. വചനമാകുന്ന ആയുധം ഹൃദയത്തിൽ സ്വരൂപിച്ച്, അവയുടെ ശക്തിയാൽ, നമ്മെ നിരായുധരാക്കുവാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെ പോരാടണം. ഭയത്താൽ ചഞ്ചലപ്പെട്ടുപോവാതെ പ്രതികൂലങ്ങളെ ക്രിസ്തുവിൽ സമർപ്പിച്ച് പ്രാർത്ഥനയിൽ ജീവിക്കണം സങ്കീർത്തം 27:3 ൽ എഴുതപ്പെട്ടിരിക്കുന്നപ്രകാരം ഒരു സൈന്യം എന്റെ നേരേ പാളയമിറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല. എനിക്കു യുദ്ധം നേരിട്ടാലും ഞാൻ നിർഭയമായിരിക്കും." എന്ന് ദാവീദിനെപ്പോലെ നാമും ഹൃദയത്തിൽ ഉറപ്പിക്കണം ഇതാണ് സ്വയ പ്രോത്സാഹനം.

### ക്രിയാത്മക (ശുഭ) ചിന്തകൾ (Positive thinking)

മനുഷ്യന് അനിവാര്യമായ ഒരു വിജയമന്ത്രമാണ് ശുഭചിന്തകൾ. വിജയം നമ്മുടെ നിലപാടുകളെ ആശ്രയിച്ചാണിരിക്കുന്നത്. ഔന്നത്യത്തിന് ഉപരിയായി ക്രിയാത്മക ചിന്തയും നിലപാടുകളും നിലനിൽക്കുന്നു. ശുഭചിന്തകളുള്ള ഒരു വ്യക്തിയിൽ പ്രതിബന്ധങ്ങളില്ല, എന്നാൽ പ്രയാസത്തോടെ ചെയ്തുതീർക്കേണ്ട പദ്ധതികളാണ് ഉള്ളത്. ഇതാണ് നമ്മെ പ്രചോദിതരാക്കുന്നത്. ഫിലിപ്പിയർ 4:8-ൽ പൌലൊസ് സഭയെ ഉത്തേജിപ്പിക്കുന്നത് എന്തെന്നാൽ "സഹോദരന്മാരേ, സത്യമായതു ഒക്കെയും, ഘനമായതു ഒക്കെയും നീതിയായത് ഒക്കെയും രമ്യമായതു ഒക്കെയും സത്കീർത്തിയായതു ഒക്കെയും സത്ഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ" നമ്മുടെ ജീവിത പാതയിൽ പ്രതികൂലങ്ങളിൽ പകച്ച് സ്വന്തബലത്തിൽ ആശ്രയിക്കാനും "പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കയും, നമ്മുടെ വഴികളിൽ അവനെ നിനെക്കുകയും ചെയ്താൽ അവൻ നമ്മുടെ പാതകളെ നേരെയാക്കും" (സദൃശ്യവാക്യങ്ങൾ 3:5,6) എന്ന തിരിച്ചറിവ് നമ്മെ നയിക്കട്ടെ. "എന്നെ ശക്തനാക്കുന്നവൻ മുഖാന്തകരം ഞാൻ സകലത്തിന്നും മതിയാകുന്നു" (ഫിലിപ്പിയർ 4:13) എന്നതായിരിക്കട്ടെ പ്രതികൂല സാഹചര്യങ്ങളെ അനുകൂലമാക്കുന്ന ശുഭചിന്ത. "നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെ ഉണ്ട്, ഭ്രമിച്ചുനോക്കേണ്ട ഞാൻ നിന്റെ ദൈവം ആകുന്നു ഞാൻ നിന്നെ ശക്തീകരിക്കും, ഞാൻ നിന്നെ സഹായിക്കും, എന്റെ നീതിയുള്ള വലങ്കൈകൊണ്ട് ഞാൻ നിന്നെ താങ്ങും" (യെശയ്യാവ് 41:10) എന്ന ഈ ദൈവവചനം നമ്മുടെ കാതുകളിൽ മുഴങ്ങട്ടെ. നമ്മുടെ പാതകൾക്ക് പ്രകാശമായിരിക്കട്ടെ.

### സ്വപ്നങ്ങളും, ലക്ഷ്യങ്ങളും (Dreams and Goals)

സ്വപ്നങ്ങൾ ഒരു മനുഷ്യന്റെ ജീവിതത്തെ മുമ്പോട്ടുനയിക്കുന്ന അവിഭാജ്യ ഘടകമാണ്. ഉറങ്ങുമ്പോഴല്ല ഉണർന്നിരിക്കുമ്പോൾ സ്വപ്നങ്ങൾ കാണുവാൻ നമുക്കു കഴിയണം. അതിനെയാണ് ലക്ഷ്യങ്ങൾ എന്നു പറയുന്നത്. ലക്ഷ്യബോധമില്ലാത്ത തലമുറ നാശത്തിലേക്ക് നീങ്ങുന്നു എന്ന് നമുക്കറിയാം. ആത്മഹത്യ മുതലായ നാശോന്മുഖമായ പ്രവൃത്തികൾ ലക്ഷ്യബോധത്തിന്റെ കുറവിനാൽ സംഭവിക്കുന്ന വൈകാരിക വൈകല്യങ്ങളാണ്. മത്തായി 6:33 ൽ പറയുന്നപ്രകാരം "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പീൻ അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. ഹബക്കുക്ക് പ്രവാചകൻ (ഹബക്കൂക് 2:2) എപ്രകാരം സ്വപ്നങ്ങളെ ലക്ഷ്യമാക്കി മാറ്റണമെന്ന് ഉദ്ബോധിപ്പിക്കുന്നു. "നീ ദർശനം എഴുതുക. ഓടിച്ചു വായിപ്പാൻ തക്കവണ്ണം അത് പലകയിൽ തെളിവായി വരെക്കുക" (Written Dreams Are Goals) നമുക്ക് നമ്മുടെ പ്രവൃത്തികളെ യഹോവെക്ക് സമർപ്പിക്കാം. എന്നാൽ നമ്മുടെ ഉദ്ദേശ്യങ്ങൾ സാധിക്കും എന്ന് ജ്ഞാനിയായ ശലോമോൻ സദൃശ്യവാക്യങ്ങളിലൂടെ (16:3) നമ്മെ അറിയിക്കുന്നു. ആയതിനാൽ "പിമ്പിലുള്ളതു മറന്നും, മുമ്പിലുള്ളതിന്നു ആഞ്ഞുംകൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് (ലക്ഷ്യത്തിലേക്ക്) ഓടാം" (ഫിലിപ്പിയർ 3:14,15).

(ശേഷം പേജ് 30 - ൽ)



വനിതാ
വിചാരം



ലീലാമ്മ ഉമ്മൻ

# പോത്തിഫറിന്റെ ഭാര്യ

**വി**ശുദ്ധ വേദപുസ്തകത്തിൽ പേരുകൾ രേഖപ്പെടുത്തിയിട്ടില്ലാത്ത പല പ്രമുഖരുടെ ഭാര്യമാരിൽ ഒരുവളായ ഫറവോന്റെ അകമ്പടിനായകനായ പോത്തിഫറിന്റെ ഭാര്യയുടെ പേര് വെളിപ്പെടുത്തിയിട്ടില്ലെങ്കിലും അവളുടെ പ്രവർത്തിയും സവിശേഷതയും സ്വഭാവ ഗുണവും ഉല്പത്തിപുസ്തകം 39-ാം അദ്ധ്യായത്തിൽ വരച്ചുകാണിച്ചിരിക്കുന്നു.

ഈ ഭാഗങ്ങളിൽ യാക്കൊബിന്റെ മകനായ യോസേഫ് പോത്തിഫറിന്റെ ഭവനത്തിൽ എത്തിച്ചേർന്നതും ഈ സ്ത്രീ മുഖാന്തരം അവന്റെ ജീവിതത്തിൽ ഉണ്ടായ അനർത്ഥ സംഭവങ്ങളും വിവരിച്ചിരിക്കുന്നു. അത് യോസേഫിന്റെ ജീവിതത്തിൽ വന്ന ഒരു അഗ്നിപരീക്ഷതന്നേയായിരുന്നു.

മിസ്രയീമിൽ എത്തിയ യോസേഫിനെ ഫറവോന്റെ ഒരു ഉദ്യോഗസ്ഥനായി അകമ്പടിനായകനായ പോത്തിഫർ വിലെക്കു വാങ്ങിക്കുകയും യോസേഫ് മിസ്രയിമ്യനായ യജമാനന്റെ വീട്ടിൽ പാർക്കുകയും ചെയ്തു. യഹോവ യോസേഫിനോട്കൂടെ ഉണ്ടെന്നും അവൻ ചെയ്യുന്നതൊക്കെയും യഹോവ സാധിപ്പിക്കുന്നു എന്നും അവന്റെ യജമാനൻ കണ്ടു. അതുകൊണ്ട് യോസേഫ് അവന് ഇഷ്ടനായി ശുശ്രൂഷ ചെയ്തു; അവൻ അവനെ ഗൃഹവിചാരകനാക്കി, തനിക്കുള്ളതൊക്കെയും അവന്റെ കയ്യിൽ ഏല്പിച്ചു. അവൻ തന്റെ വീട്ടിനും തനിക്കുള്ള സകലത്തിനും അവനെ വിചാരകനാക്കിയതുമുതൽ യഹോവ യോസേഫിന്റെ നിമിത്തം മിസ്രയീമ്യന്റെ വീട്ടിനെ അനുഗ്രഹിച്ചു. വീട്ടിലും വയലിലും അവനുള്ള സകലത്തിന്മേലും യഹോവയുടെ അനുഗ്രഹം ഉണ്ടായി. (ഉല്പത്തി 39:1-5)

യോസേഫ് കോമളനും മനോഹരരൂപിയും ആയിരുന്നതുകൊണ്ട് യജമാനന്റെ ഭാര്യയുടെ കണ്ണ് അവന്റെ മേൽ പതിച്ചു. അവൾ യോസേഫിനെ പല പ്രലോഭനങ്ങളാലും വശീകരിക്കാൻ ശ്രമിച്ചു. എന്നാൽ യോസേഫ് അവളുടെ പ്രലോഭനങ്ങളിൽ വീഴുകയോ മഹാദോഷം പ്രവർത്തിച്ച് ദൈവത്തോട് പാപംചെയ്യുകയോ ചെയ്തില്ല. അവൾ ദിനംപ്രതി അവനെ അലട്ടിയിട്ടും അവളോടുകൂടെ ശയിപ്പാനോ അവളുടെ അരികെ ഇരിക്കാനോ അവളെ അനുസരിച്ചില്ല. എന്നാൽ ഒരു ദിവസം അവൻ തന്റെ പ്രവർത്തി ചെയ്യുവാൻ വീട്ടിനകത്ത് ചെന്നപ്പോൾ അവിടെ ആരും ഉണ്ടായിരുന്നില്ല. അവൾ അവന്റെ വസ്ത്രം പിടിച്ച് എന്നോടു കൂടെ ശയിക്ക എന്ന് പറഞ്ഞു. എന്നാൽ അവൻ തന്റെ വസ്ത്രം അവളുടെ കയ്യിൽ വിട്ടേച്ച് പുറത്തേക്ക് ഓടി പൊയ്ക്കളഞ്ഞു. അവൻ വസ്ത്രം തന്റെ കയ്യിൽ വിട്ടേച്ച് പുറത്തേയ്ക്ക് ഓടിപ്പോയി എന്ന് കണ്ടപ്പോൾ അവൾ വീട്ടിലുള്ളവരെ വിളിച്ച് അവന് വിരോധമായി അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചു. ഈ ഭാഗങ്ങൾ ഉല്പത്തി 39-ാം അദ്ധ്യായം 7-ാം വാക്യം മുതൽ വിവരിച്ചു പറഞ്ഞിരിക്കുന്നു. വീട്ടിൽ തിരിച്ചെത്തിയ ഭർത്താവിനോടും അവൾ അങ്ങനെതന്നേ പറഞ്ഞു കേൾപ്പിച്ചു. ഭാര്യയുടെ വാക്കുകൾ കേൾക്കുകയും വിശ്വസിക്കുകയും ചെയ്ത പോത്തിഫർ കോപംകൊണ്ട് ജ്വലിച്ചു. സത്യാവസ്ഥകൾ ഒന്നും മനസ്സിലാക്കാതെ അവൻ യോസേഫിനെ പിടിച്ച് കാരാഗൃഹത്തിൽ ആക്കി. കാരാഗൃഹപ്രമാണിക്ക് അവനോടു ദയ തോന്നത്തക്കവണ്ണം അവന് കൃപ നൽകി. (ഉല്പത്തി 39:7-22)..

പ്രിയമുള്ളവരേ ഇങ്ങനെയുള്ള സംഭവങ്ങൾ

ഇന്നത്തെ കാലഘട്ടത്തിൽ മാത്രമല്ല, മുൻകാലങ്ങളിലും ഉണ്ടായിരുന്നു എന്ന് വചനത്തിൽനിന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. തെറ്റു ചെയ്യാത്തവരെ കെട്ടുകഥകൾ മെനഞ്ഞ് അവരുടെ വിശ്വസ്തജീവിതത്തെ തകർത്തുകളയുന്ന ശത്രുഗണം ഇന്നും ധാരാളം ഉണ്ട്. എന്നാൽ യോസേഫ് ദൈവഹിതം അനുസരിച്ച് ജീവിച്ചതുകൊണ്ടും യഹോവ യോസേഫിനോട്കൂടെ ഉണ്ടായിരുന്നതുകൊണ്ടും കാരാഗൃഹപ്രമാണിക്ക് അവനോട് ദയ തോന്നത്തക്കവണ്ണം അവന് കൃപ നൽകി. കാരാഗൃഹത്തിലും സകല ബദ്ധന്മാരെയും കാരാഗൃഹപ്രമാണി അവനെ ഏല്പിച്ചു. അവരുടെ പ്രവർത്തിക്കും അവൻ വിചാരകനായിരുന്നു.

ഇവിടെ നാം കാണുന്നത് കുടുംബിനിയായ ഒരു സ്ത്രീയുടെ ദുഷിച്ച മനസ്സ് മൂലം നിരപരാധിയും നിഷ്കളങ്കനുമായ യോസേഫിനുണ്ടായ തിക്താനുഭവങ്ങളാണ്. എന്തിനും ഒരുമ്പെട്ട് സ്വന്തം കുടുംബത്തെ മറന്ന് പിശാചിന്റെ പ്രവർത്തനത്തിന് (പ്രലോഭനങ്ങൾക്ക്) അടിമകളായി സ്വന്തം ജീവിതവും മറ്റുള്ളവരുടെ ജീവിതവും നശിപ്പിക്കുന്ന അനേകം ദുഷ്ടസ്ത്രീകളെ നമുക്ക് കാണുവാൻ സാധിക്കും. ഇങ്ങനെ അഹംഭാവവും വഞ്ചനയും ക്രൂരതയും നിറഞ്ഞ ഹൃദയത്തിന്റെ ഉടമകളുടെ ജീവിതത്തിൽ പിന്നീടുണ്ടാകുന്ന അനുഭവങ്ങൾ നമുക്ക് ലഭിക്കുന്ന മുന്നറിയിപ്പായി നാം കാണണം. മനുഷ്യമനസ്സുകളിൽ സാത്താൻ കയറിക്കൂടിയാൽ, അവൻ പലവിധമായ തന്ത്രങ്ങളാൽ നമ്മെ കുടുക്കുവാൻ നോക്കും. അതിലൊന്നും വീഴാതെ നമ്മളെ മുറ്റുമെ ദൈവകരങ്ങളിൽ സമർപ്പിക്കണം. നമ്മുടെ ജീവിതം എന്തുകൊണ്ട് പ്രലോഭനങ്ങൾക്ക് വശംവദമാകുന്നു. അല്ലെങ്കിൽ ദൈവം 'സാത്താനെ എന്തിന് ഇതിന് അനുവദിക്കുന്നു എന്ന് ചിന്തിക്കുമ്പോൾ നമുക്ക് ദൈവത്തോടുള്ള വിശുദ്ധിയും വിശ്വാസവും എത്രമാത്രം ആഴമുള്ളതാണെന്നുള്ള ഒരു ശോധനയായി കണക്കാക്കാം. യോസേഫിന്റെ ജീവതത്തിലും അതുതന്നെയാണല്ലോ സംഭവിച്ചത്. എന്നാൽ അവൻ ദൈവത്തിൽ പൂർണ്ണമായി സമർപ്പിച്ചിരുന്നതുകൊണ്ട് പോത്തിഫറിന്റെ ദുഷ്ടയായ ഭാര്യയുടെ പ്രലോഭനങ്ങളിൽ പെട്ടുപോകുവാൻ ദൈവം ഇടയാക്കിയില്ല. പിശാച് അലറുന്ന സിംഹം എന്നപോലെ ദൈവമക്കളെ വിഴുങ്ങിക്കളയുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലയളവിൽ നാം നിരന്തരം യോസേഫിനെപ്പോലെ വിശുദ്ധി മുറുകെപ്പിടിച്ചും ഉണർന്ന് പ്രാർത്ഥിച്ചും തിരുവചനം ധ്യാനിച്ചും സാത്താന്റെ സകല തന്ത്രങ്ങളെയും അതിജീവിക്കുവാൻ പരിശ്രമിക്കണം.

സാത്താന്റെ സർവ്വ പരീക്ഷകളെയും അതിജീവിച്ച് വിജയംവരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ നമുക്ക് അനുകരിക്കാം. ദുർഗുണങ്ങളുടെ വിളനിലമായിരുന്ന പോത്തിഫറിന്റെ ഭാര്യയുടെ ജീവിതം നൽകുന്ന പല മുന്നറിയിപ്പുകളും അവഗണിക്കാതിരിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.!!

■■■

---

(പേജ് 4 - ൽ നിന്നും)

പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ"

ചില സഭകൾ നാല്പത് ദിവസത്തോളം വ്രതാനുഷ്ഠാനങ്ങൾ നോക്കി താത്പര്യമുള്ള ഭക്ഷണങ്ങളും പ്രവർത്തികളും മാറ്റിവെച്ചശേഷമാണ് ഈ പീഡാനുഭവസ്മരണകളിലേക്ക് പ്രവേശിക്കുന്നത് എത്രയോ ധന്യമാണ്. അത് അതിന്റെ വിശുദ്ധിയോടെ പാലിച്ചാൽ എല്ലാം ഫലകരമാണ്.

**ഇവിടെ നാം ചിന്തിക്കേണ്ട മറ്റൊരു കാര്യം ഒരു പീഡാനുഭവം ഉണ്ടെങ്കിൽ സഹിച്ചവർക്ക് ഒരു ഉയിർത്തെഴുന്നേൽപ്പുണ്ടാകും. കഷ്ടവും പീഡയും നിറഞ്ഞ ദിനങ്ങൾക്ക് നിറം പകരുന്നതാണ് പുനരുത്ഥാന ദിവസം എന്നത്. പുനരുത്ഥാനത്തിന്റെ സന്തോഷമാണ് നമ്മുടെ ചൈതന്യം എന്ന് പറയുന്നത്തന്നെ. കർത്താവ് ഉയിർത്തില്ലായിരുന്നെങ്കിൽ നമ്മുടെ വിശ്വാസവും പ്രസംഗവും വ്യർത്ഥമാകുമായിരുന്നു. കർത്താവിന്റെ പീഡാനുഭവത്തിന്റെ നന്മ നമ്മിൽ എത്തിച്ചേരാൻ കാരണമായത് തന്റെ ഉയിർപ്പിനാൽ ആണ് "ഞാൻ ഒരു നിർണ്ണയം പ്രസ്ഥാവിക്കുന്നു. യഹോവ എന്നോട് അരുളിച്ചെയ്തത്. നീ എന്റെ പുത്രൻ ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" (സങ്കീ. 2:7).**

പ്രിയ സുഹൃത്തേ കർത്താവിന്റെ പീഡാനുഭവങ്ങളുടെയും ഉയിർപ്പിന്റെയും ഓർമ്മകൾ നമ്മുടെ ധൂർത്തിനും മതിമറന്ന ആനന്ദത്തിനും കാരണമാക്കരുതേ! മദ്യപാനത്തിനും അശുദ്ധിക്കും വഴിയാകരുതേ. വിശുദ്ധമായതിനോട് വിശുദ്ധമായി വേണം കേട്ടോ സമീപിക്കുവാൻ. ഉയിർപ്പിന്റെ ആഘോഷത്തിനായി വരുമാനത്തെ തോന്നും പോലെ തട്ടിക്കളിക്കാതെ സാധുക്കളുടെ ഉയർച്ചക്കും സന്തോഷത്തിനുമായി ഉപയോഗിക്കണം. പീഡാനുഭവത്തിലൂടെ ലഭിച്ച നന്മകൾ ഉയിർപ്പിന്റെ ശക്തിയിലൂടെ നിലനിൽക്കട്ടെ. 2026 ലെ പീഡാനുഭവങ്ങളുടെയും ഉയിർപ്പിന്റെയും സ്മരണകൾ നമ്മിൽ പുതിയ കാഴ്ചപ്പാടുകൾക്ക് കാരണമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

■■■







Rev. ബേസിൽ ജോർജ്

# തടസ്സങ്ങളെ മാറ്റുക

"ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:2).

നമുക്കെല്ലാവർക്കും ദൈവഹിതം തിരിച്ചറിയണമെന്നുണ്ടെങ്കിലും പലപ്പോഴും കഴിയാറില്ല. അതിനായി പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ദൈവദാസന്മാരോട് ആലോചന ചോദിക്കുകയുമൊക്കെ ചെയ്തിട്ടും എന്തുകൊണ്ടാണ് ദൈവഹിതം തിരിച്ചറിയാൻ കഴിയാത്തത്? അതിന് പല കാരണങ്ങളുണ്ടായിരിക്കും. ദൈവവചനത്തിൽ പറയുന്ന വളരെ പ്രധാനപ്പെട്ട ഒരു തടസ്സത്തെക്കുറിച്ച് നമുക്കൊന്ന് ചിന്തിക്കാം.

**ലോകമയത്വം**

പൗലൊസപ്പൊസ്തലൻ പറയുന്നത് ദൈവഹിതം തിരിച്ചറിയണമെങ്കിൽ ലോകത്തോട് അനുരൂപരാകരുത് എന്നാണ്. എന്താണ് അതിന്റെ അർത്ഥം? ലോകത്തോട് ഇഴുകിച്ചേർന്ന് ജീവിക്കുന്ന ഒരുവന്റെ കാഴ്ചപ്പാടുകളും മൂല്യങ്ങളുമെല്ലാം ലോകത്തിന്റേതായിരിക്കും. ഒരു വിശ്വാസി ലോകത്തിൽനിന്നും വേർപെട്ട് ജീവിക്കേണ്ടവനാണ്. അഥവാ ലോകത്തിന്റെ ആശയങ്ങളോ മനോഭാവങ്ങളോ കാഴ്ചപ്പാടുകളോ അല്ല ഒരു വിശ്വാസിക്കുണ്ടായിരിക്കേണ്ടത്. ഉദാഹരണമായി ശത്രുക്കളോട് നിയമം കയ്യിലെടുക്കാതെ പ്രതികാരം ചെയ്യുന്നത് ഈ ലോകത്ത് പൊതുവെ അംഗീകരിക്കപ്പെട്ട കാര്യമാണ്. നാമതിന് മധുരപ്രതികാരമെന്ന് ഓമനപ്പേരും ഇട്ടിട്ടുണ്ട്. എന്നാൽ ബൈബിളിന്റെ കാഴ്ചപ്പാടിൽ ശത്രുക്കളെ സ്നേഹിക്കണം. ഒരു ക്രിസ്ത്യാനി ലൗകികനായാൽ അവന് പ്രതികാരം ചെയ്തില്ലെങ്കിൽ സ്വയം കഴിവുകുറഞ്ഞവനായി തോന്നും. അതുകൊണ്ട് അവൻ പ്രതികാരം ചെയ്യും. എന്നാൽ ഒരു ഭക്തൻ, ശത്രുക്കളെ സ്നേഹിക്കുകയും അവരോട് ക്ഷമിക്കുകയും ചെയ്യുന്നു. പ്രതികാരചിന്ത നിറഞ്ഞുനില്ക്കുന്ന ഹൃദയവുമായി ഒരുവൻ പ്രാർത്ഥിക്കുമ്പോൾ "ക്ഷമിക്കുക" എന്ന ദൈവഹിതം തിരിച്ചറിയാൻ കഴിയാതെപോകും. ഉയർന്ന പദവികളിലേക്ക് പോകുമ്പോൾ മറ്റുള്ളവർ നമ്മെ ശുശ്രൂഷിക്കണമെന്നുള്ളത് ലൗകികന്റെ കാഴ്ചപ്പാട്. എന്നാൽ തുവർത്ത് എടുത്ത് അരയിൽ ചുറ്റി ശിഷ്യന്മാരുടെ കാൽ കഴുകിയ യേശുക്രിസ്തുവാണ് ക്രിസ്തീയ മാതൃക. ഒരു പ്രത്യേക സാഹചര്യത്തിൽ മറ്റുള്ളവരെ ശുശ്രൂഷിക്കണമെന്ന ദൈവഹിതം തിരിച്ചറിയാൻ ലൗകികനായ ക്രിസ്ത്യാനിക്ക് കഴിയില്ല.

ഒരു ലൗകികന് ക്രിസ്തീയ കാഴ്ചപ്പാട് കഴിവുകേടായോ നിസ്സാരമായോ തോന്നാമെങ്കിലും ദൈവഹിതം നന്മയും പ്രസാദവും പൂർണ്ണതയുമുള്ളതാണെന്ന് തിരുവചനം ഓർപ്പിക്കുന്നു. പ്രതികാരം ചെയ്യുന്നതിലൂടെ ലഭിക്കുന്ന താത്കാലിക സന്തോഷത്തെക്കാൾ എത്രയോ വലിയ, നിലനിൽക്കുന്ന നന്മയാണ് ക്ഷമിക്കുന്നതിലൂടെ ലഭിക്കുന്നത്. മാത്രവുമല്ല, അത് ദൈവത്തിന് പ്രസാദകരവുമാണ്. നമ്മുടെ ജീവിതത്തിന് പൂർണ്ണത വരുന്നതും ദൈവഹിതം അനുസരിക്കുന്നതിലൂടെയാണ്.

ലോകത്തോട് അനുരൂപപ്പെട്ടാൽ മനുഷ്യർ നമ്മെ അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യും. എന്നാൽ ലോകത്തിന്റെ ഒഴുക്കിൽനിന്നും മാറിനടന്നാൽ അവർ നമ്മെ ഒറ്റപ്പെടുത്തുകയും നിന്ദിക്കുകയും ചെയ്യും. "നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തിരഞ്ഞെടുത്തതുകൊണ്ടു ലോകം നിങ്ങളെ പകെക്കുന്നു" (യോഹ 15:19). എന്നാൽ ലോകത്തിന്റെ അംഗീകാരത്തിനായി അവരോട് അനുരൂപപ്പെട്ടാൽ ദൈവത്തിന്റെ ശത്രുപക്ഷത്തേക്കാണ് നാം നീങ്ങുന്നത് (യാക്കോ 4:4).

**മോശെയുടെ തിരഞ്ഞെടുപ്പ്**

മോശെയുടെ തീരുമാനത്തെക്കുറിച്ച് ബൈബിൾ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. മോശെയുടെ തിരഞ്ഞെടുപ്പ് ദൈവഹിതപ്രകാരമുള്ളതായിരുന്നു. മിസ്രയീമ്യരോട് ചേർന്ന് ദൈവത്തിനും ദൈവജനത്തിനും എതിരേ നിൽക്കുവാൻ അവന് കഴിയുമായിരുന്നു. എന്നാൽ ദൈവജനത്തോടൊപ്പം

നിൽക്കാനും ക്രിസ്തുവിന്റെ നിന്ദ ഏറ്റെടുക്കാനും മോശെ തയ്യാറായി. അതൊരു ശരിയായ തീരുമാനമായിരുന്നു. അതുകൊണ്ടാണ് യിസ്രായേൽജനത്തെ മിസ്രയീമിൽനിന്നും വിടുവിക്കുവാനും കനാൻ ദേശത്തേക്ക് നയിക്കാനും ദൈവം മോശെയെ നിയോഗിച്ചത്. എന്നാൽ ആ തീരുമാനമെടുക്കാൻ തടസ്സമായി മോശെയുടെ മുമ്പിൽ പല വെല്ലുവിളികളും ഉണ്ടായിരുന്നു.

വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാലഭോഗത്തെക്കാളും ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നതു തിരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ടു ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണുകയും ചെയ്തു. വിശ്വാസത്താൽ അവൻ അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറെച്ചുനിൽക്കയാൽ രാജാവിന്റെ കോപം ഭയപ്പെടാതെ മിസ്രയീം വിട്ടുപോന്നു (എബ്രായർ 11:24–27).

**1. പാപത്തിന്റെ സുഖം**

അക്കാലത്ത് മിസ്രയീം സുഖലോലുപതയുടെ കൂത്തരങ്ങായിരുന്നു. ലോകത്തെവിടെയും കിട്ടുന്ന സുഖസൗകര്യങ്ങളും പാപത്തിന്റെ സാഹചര്യങ്ങളും അവിടെയുണ്ടായിരുന്നു. ഫറവോന്റെ പുത്രിയുടെ മകനെന്ന നിലയിൽ അവയെല്ലാം മോശെക്ക് കയ്യെത്തുംദൂരത്തായിരുന്നുതാനും. ദൈവജനത്തോടൊപ്പം നിൽക്കാൻ അവൻ തീരുമാനിച്ചാൽ ഈയൊരവസരം അവന് നഷ്ടമാകും. ഒരു ലൗകികനെ സംബന്ധിച്ച് ഇതിലും വലിയൊരു മണ്ടത്തരമില്ല. എല്ലാ പാപത്തിനും ഒരു സുഖമുണ്ട്. അതുകൊണ്ടാണ് അവ നമ്മെ വീണ്ടും വീണ്ടും ആകർഷിക്കുന്നതും. നാം ഒരിക്കലും ചെയ്യാത്ത ഒരു പാപത്തെക്കാൾ നാം ഒരിക്കലെങ്കിലും ചെയ്തിട്ടുള്ള പാപത്തിനാണ് നമ്മുടെമേൽ കൂടുതൽ സ്വാധീനമുള്ളത്. ഒരിക്കലെങ്കിലും ലഹരി ഉപയോഗിച്ചിട്ടുള്ളവർക്ക് അവയുടെ ആകർഷണീയത കൂടുതലായിരിക്കും. അതുകൊണ്ടുതന്നെ അവ ഒരിക്കലും ഉപയോഗിക്കാതിരിക്കുക എന്നതാണ് ഏറ്റവും നല്ല പ്രതിരോധവും. ശിംശോന് വളരെ തെളിവായി തന്നെ ചതിക്കുന്നത് ദെലീലയാണെന്ന് അറിയാമായിരുന്നിട്ടും ആ പാപത്തിന്റെ തത്കാല ഭോഗം അവളുടെ മടിയിൽനിന്നും രക്ഷപെടുന്നതിൽനിന്നും അവനെ തടഞ്ഞു.

എന്നാൽ ഒരു ദൈവപൈതൽ ഓർത്തിരിക്കേണ്ട കാര്യം പാപത്തിന്റെ സുഖം താത്കാലികമാണെന്നതാണ്. ജഡമോഹവും കൺമോഹവും ജീവനത്തിന്റെ പ്രതാപവുമെല്ലാം (1 യോഹ 2:16) തൃപ്തിപ്പെടുത്തിയായിരിക്കും ഒരു ലൗകികൻ ജീവിക്കുന്നത്. അതുകൊണ്ടുതന്നെ ദൈവഹിതം തിരിച്ചറിയാൻ പലപ്പോഴും അവന് കഴിയുകയുമില്ല. എന്നാൽ ഒരു ഭക്തനോ തന്റെ പാപസ്വഭാവത്തെക്കാൾ ദൈവത്തെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്നതുകൊണ്ട് ദൈവഹിതം അവന് കൃത്യമായി ഗ്രഹിക്കാൻ കഴിയും. സ്വപ്നങ്ങളിലൂടെ ദൈവഹിതം തിരിച്ചറിഞ്ഞ യോസേഫ് പാപത്തിന്റെ സുഖങ്ങൾക്കുമുൻപിൽ നഗ്നനായി ഓടേണ്ടിവന്നിട്ടും പോത്തിഫറിന്റെ ഭാര്യയുടെ പ്രലോഭനങ്ങളിൽ വീണില്ല എന്നതും ശ്രദ്ധേയമാണ്. പാപം വളരെ അപകടകാരിയാണ്; നാം അവനെ കീഴടക്കിയില്ലെങ്കിൽ അവൻ നമ്മെ കീഴടക്കും.

**2. സ്ഥാനമോഹം**

ഒരു ക്രിസ്തീയ വിശ്വാസിക്ക് ശരിയായ തീരുമാനമെടുക്കുന്നതിനുള്ള മറ്റൊരു തടസ്സമാണ് സ്ഥാനമാനങ്ങളോടുള്ള മോഹം. മോശെയുടെ മുൻപിൽ അത്തരമൊരു വെല്ലുവിളിയുണ്ടായിരുന്നു. ഫറവോന്റെ പുത്രിയുടെ മകനെന്ന പദവി അയാളുടെ മുൻപിൽ ഒരു വെല്ലുവിളിയായിരുന്നു. ഇതയും വലിയ പദവിയും അവസരങ്ങളും വേണ്ടെന്ന്വെച്ചെങ്കിൽ മാത്രമേ അയാൾക്ക് ദൈവഹിതം തിരഞ്ഞെടുക്കാൻ കഴിയുമായിരുന്നുള്ളു. പദവികളുടെ ആകർഷണീയതയെ മറികടന്നുകൊണ്ടാണ് മോശെ ദൈവജനത്തോടുകൂടെ നിൽക്കാൻ തീരുമാനിച്ചത്. നമ്മുടെ മുൻപിലുള്ള ഏറ്റവും വലിയ മാതൃക, നമ്മുടെ കർത്താവാണ്. ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപമെടുത്ത് തന്നേക്കുറിച്ചുള്ള പിതാവിന്റെ ഹിതത്തിനായി അവൻ തന്നെത്താൻ ഏല്പിച്ചുകൊടുത്തു (ഫിലി 2:6–11). ഈ ലോകം മുഴുവൻ കാണിച്ചുകൊടുത്തിട്ട് ഒന്ന് വീണ് വണങ്ങി നമസ്കരിച്ചാൽ ഇതെല്ലാം തരാമെന്ന് പറഞ്ഞ പിശാച് ഇളിഭ്യനാവുകയാണ് ചെയ്തത് (മത്താ 4:8–10). യെഹൂദന്മാർ പിടിച്ച് രാജാവാക്കാൻ നോക്കിയപ്പോൾ അവരുടെയിടയിൽനിന്നും ഒഴിഞ്ഞുമാറിയതായും വായിക്കുന്നു (യോഹ 6:15).

നമ്മുടെ പദവികൾ ദൈവഹിതം തിരഞ്ഞെടുക്കുന്നതിന് ഒരിക്കലും തടസ്സമാകരുത്. അതുപോലെതന്നെ ദൈവഹിതത്തിൽനിന്നും അവ നമ്മെ വഴിമാറ്റിക്കൊണ്ടുപോകരുത്. നെഹെമ്യാവിന്റെ പദവികൾ അവനെ ദൈവജനത്തിന്റെ കഷ്ടതയോട് പ്രതികരിക്കുന്നതിൽനിന്നും അവനെ തടഞ്ഞില്ല. അവൻ തന്റെ പദവിയുടെ സുഖശീതളിമയിൽ മയങ്ങാതെ യെരുശലേമിന്റെ മതിൽ പണിയുവാൻ ഇറങ്ങിപ്പുറപ്പെട്ടു.

സി.റ്റി. സ്റ്റഡ് എന്ന ഭക്തന്റെ ജീവിതം ഏവനെയും വെല്ലുവിളിക്കുന്നതാണ്. പ്രഭുകുടുംബത്തിൽ ജനിച്ച ആ ചെറുപ്പക്കാരൻ തന്റെ 25–ാം വയസ്സിൽ ഇംഗ്ലണ്ട് ക്രിക്കറ്റ്ടീമിന്റെ നെടുംതൂണായി മാറി. എന്നാൽ ലോകത്തെ ഞെട്ടിച്ചുകൊണ്ട് തന്റെ നിറയൗവനത്തിൽ തന്നേ പ്രശസ്തിയുടെയും സമ്പത്തിന്റെയും സ്ഥാനമാനങ്ങളുടെയും മായികലോകത്തെ വിട്ട് ഒരു മിഷനറിയാവാൻ അദ്ദേഹം തീരുമാനിച്ചു. പിന്നീട് തന്റെ മരണംവരെ അദ്ദേഹം ഒരു മിഷനറിയായി പ്രവർത്തിച്ചു.

(തുടരും) ■■■



ടീച്ചർ



ജാൻസി ജോൺ

# സ്വർണ്ണനിറത്തിലുള്ള പേന

**ടോം** സ്കൂളിലെ മിടുക്കനായ വിദ്യാർത്ഥിയായിരുന്നു. അദ്ധ്യാപകരുടെ കണ്ണിലുണ്ണിയുമായിരുന്നു. ടോം മിടുക്കനായതുകൊണ്ട് ഒരിക്കൽ അവന്റെ അങ്കിൾ വിദേശത്തുനിന്ന് വന്ന സമയത്ത് സ്വർണ്ണനിറത്തിലുള്ള ഒരു പേന അവന് സമ്മാനമായി കൊടുത്തു. അടുത്തദിവസം അവൻ ആ പേനയുമായി സ്കൂളിൽ ചെന്നു. തന്റെ കൂട്ടുകാർക്ക് സ്വർണ്ണപ്പേന കാണിച്ച് സന്തോഷം പങ്കിട്ടു. എന്നാൽ ഇതെല്ലാം കണ്ട് മറ്റൊരു കുട്ടി ക്ലാസിൽ ഉണ്ടായിരുന്നു, അനിൽ. ഉച്ചസമയത്ത് എല്ലാവരും പുറത്ത് പോയ സമയത്ത് അനിൽ ടോമിന്റെ ബാഗിൽനിന്ന് പേന എടുത്തു. ആരും കാണാതെ ഒളിപ്പിച്ചുവെക്കുകയും ചെയ്തു. ക്ലാസ്സിൽ മേരിടീച്ചർ എത്തി. നോട്ട്ബുക്കും, പേനയും എടുക്കുവാൻ നിർദ്ദേശം നൽകി. പെട്ടെന്ന് ഒരു നിലവിളി കേട്ട് എല്ലാവരും ആ ഭാഗത്തേക്ക് ശ്രദ്ധിച്ചു. ടോം ആയിരുന്നു നിലവിളിച്ചത്. അവന്റെ സ്വർണ്ണനിറത്തിലുള്ള പേന കാണാനില്ല. ആരെങ്കിലും പേന എടുത്തിട്ടുണ്ടെങ്കിൽ തിരിച്ചുകൊടുക്കണമെന്ന് ടീച്ചർ പറഞ്ഞു. ആരും അനങ്ങിയില്ല. ടോം കരഞ്ഞു കരഞ്ഞു തളർന്നു. പേനയില്ലാതെ വീട്ടിലേക്ക് മടങ്ങി. വീട്ടിൽ വന്ന ടോം തന്റെ പേനയെക്കുറിച്ച് ആലോചിച്ചു. ആരായിരിക്കും അതെടുത്തത്? പിറ്റേദിവസം അവൻ തന്റെ പഴയ പേനയുമായി സ്കൂളിൽ ചെന്നു. അവൻ ചെല്ലുമ്പോൾ എല്ലാവരും എത്തിയിട്ടുണ്ടായിരുന്നു. പേന കിട്ടിയോ എന്ന ചോദ്യവുമായി എല്ലാവരും അവന്റെ അടുത്തെത്തി. കിട്ടിയില്ലായെന്ന് അവൻ എല്ലാവരോടും പറഞ്ഞു. എന്നാൽ അനിൽ മാത്രം അവനോട് ഒന്നും ചോദിച്ചില്ല. ടോം അത് ശ്രദ്ധിച്ചിരുന്നു. അന്ന് സ്കൂൾ വിട്ട് കൂടെ നടന്ന അനിലിനോട് ടോം വിശേഷങ്ങൾ പങ്കുവെച്ചു. അനിലിന്റെ വീട്ടിൽ അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളു. അച്ഛൻ നേരത്തേ മരിച്ചുപോയി. അതുകൊണ്ട് വീട്ടിൽ പട്ടിണിയാണ്. ടോമിനോട് അനിൽ പറഞ്ഞു. ഞാൻ നിന്നോട് ഒരു വലിയ തെറ്റ്ചെയ്തു. നിന്റെ കാണാതെപോയ പേന ഞാനാണ് എടുത്തത്. ഇത് തിരിച്ചു തരാനാണ് ഞാൻ നിന്റെ കൂടെ വന്നത്. ഇന്നലെ എന്റെ കയ്യിൽ പേന കണ്ടപ്പോൾ അമ്മ ഇത് എവിടെ നിന്ന് കിട്ടിയെന്ന് ചോദിച്ചു. ഞാൻ ഉള്ള സത്യം അമ്മയോട് പറഞ്ഞു. ഈ പേന ടോമിന്റെ കയ്യിൽ കൊടുത്ത് ആ കുട്ടിയോട് ക്ഷമ ചോദിക്കണമെന്ന് അമ്മ പറഞ്ഞു. പക്ഷെ എന്റെ അഭിമാനം അതിന് സമ്മതിച്ചില്ല. സ്കൂൾ വിട്ടു വരുമ്പോൾ എല്ലാം പറയാം എന്ന് കരുതി. ടോം ഒന്നും പറയാതെ പേന വാങ്ങി. വീട്ടിൽ ചെന്ന് അവൻ അമ്മയോട് എല്ലാം പറഞ്ഞു. അമ്മ ടോമിനോട് പറഞ്ഞു. ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ കിടക്കുന്ന അവനെ നമുക്ക് സഹായിക്കണം. യേശുഅപ്പച്ചൻ നമ്മെ പഠിപ്പിച്ചിരിക്കുന്നത് എല്ലാവരേയും സ്നേഹിക്കേണം എന്നല്ലേ അനിലിന്റെ നിസ്സഹായാവസ്ഥ മനസ്സിലാക്കി അവനെ സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. പേന എന്റെ ബാഗിൽ നിന്ന് തന്നേ കിട്ടി എന്ന് എല്ലാവരോടും പറയേണം എന്ന് പറഞ്ഞാണ് അമ്മ അവനെ പിറ്റേന്ന് സ്കൂളിൽ അയച്ചത്. ടോം ആരോടും ഒന്നും പറയാതെ ക്ലാസ്സിൽ ഇരുന്നു. അനിൽ ടോമിന്റെ കയ്യിൽ ഉമ്മകൊടുത്തു. അപ്പോൾ അവന്റെ കണ്ണിൽനിന്ന് കുറ്റബോധത്തിന്റെ അശ്രുകണങ്ങൾ ഒഴുകുന്നുണ്ടായിരുന്നു.

"നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല" (മത്തായി 6:14,15).

# 2026 ഏപ്രിൽ

**MORNING FELLOWSHIP**
**എല്ലാ ദിവസവും**

HINDI : 5.00 am – 6.15 am
ID https://meet.google.com/gdhnyycvjy

MALAYALAM : 5.40 am – 6.40 am
ID https://meet.google.com/iibyyvdseq

## ഓൺലൈൻ പ്രോഗ്രാമുകൾ

ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.
Meeting ID : iibyyvdseq

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

**എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm**
**അല്ലപ്ര മിഷൻസെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.**

## മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 02.04.2026 | വ്യാഴം | 7 pm - 8.30 pm | പ്രവർത്തക കൂട്ടായ്മ | മിഷൻസെന്റർ |
| 04.04.2026 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| | | 12 pm - 1 pm | എൽഡേഴ്സ് മീറ്റിംഗ് | മിഷൻസെന്റർ |
| 05.04.2026 | ഞായർ | 4 pm - 6 pm | പ്രവർത്തകയോഗം | മിഷൻസെന്റർ |
| 10.04.2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്റേത്ത്) | എരപ്പുംപാറ (പാനായിൽ ശ്രീ. ബിനിൽ ജോസഫിന്റെ ഭവനം) |
| 11.04.2026 | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻ സെന്റർ |
| | | 10 am - 12 pm | സഫൽ ക്ലബ് (കുട്ടികൾക്ക്) | മിഷൻസെന്റർ |
| 12.04.2026 | ഞായർ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്‌ലഹേം) | വെങ്ങോല (ചെമ്പക്കോട്ടുകുടിയിൽ ശ്രീ. സാബു ജേക്കബിന്റെ ഭവനം) |
| 16.04.2026 | വ്യാഴം | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഗെത്സമെൻ) | മുടക്കുഴ (മഞ്ഞാംകുടി ശ്രീ. എം.വി. എൽദോസിന്റെ ഭവനം) |
| 18.04.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻ സെന്റർ |
| 23.04.2026 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനായോഗം | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പി.വി. ജോസഫിന്റെ ഭവനം) |
| 24.04.2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | മേതല (ചുള്ളിങ്ങൽ ശ്രീ. സി.സി. ജോസഫിന്റെ ഭവനം) |
| 25.04.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻ സെന്റർ |
| 29.04.2026 | ബുധൻ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | കടാതി (വാത്തിയാംപിള്ളി ശ്രീ. വി.സി. ജോയിയുടെ ഭവനം) |

eYF

# ECUMENICAL YOUTH FELLOWSHIP
# ANNUAL MEET 2026








ദൈവകൃപയാൽ എക്യുമെനിക്കൽ യൂത്ത് ഫെലോഷിപ്പിന്റെ 5-ാമത് വാർഷിക സംഗമം 2026 ഫെബ്രുവരി 1-ാം തീയതി അല്ലപ്ര മിഷൻ സെന്ററിൽ വെച്ച് അനുഗൃഹീതമായി നടത്തപ്പെട്ടു. വൈകിട്ട് 6 മണി മുതൽ 9 മണി വരെ നീണ്ടുനിന്ന പ്രോഗ്രാമിൽ ഒട്ടേറെ പേർ പങ്കെടുത്തു. ഇ.ജി.എം ഓഫ് ഇന്ത്യ ഡയറക്ടർ ഡോ. വി.പി. മത്തായി വാലയിൽ സാർ സംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു. Br. അനിൽ പോൾ, Dr. നെൽസൺ അബ്രഹാം എന്നിവർ ശുശ്രുഷകൾക്ക് നേതൃത്വം നൽകി.

**"Winning the Battles"** (യുദ്ധങ്ങൾ ജയിക്കുക) എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ക്ലാസ്സുകൾ നടന്നത്. മനസ്സിന്റെ പരാജയങ്ങൾ പലപ്പോഴും മനസ്സിന്റെ ചിന്തകളിൽ നിന്നാണ് ആരംഭിക്കുന്നതെന്ന് ക്ലാസ്സിൽ വിശദീകരിച്ചു. കടന്നുപോയ കാലത്തെ പരാജയങ്ങളെ ഓർത്ത് ദുഖിച്ചിരിക്കാതെ മുന്നോട്ട് പോകാൻ യുവാക്കളെ ആഹ്വാനം ചെയ്തു. സമ്മർദ്ദം, സാഹചര്യം, സമ്മതം എന്നിവയിലൂടെയാണ് പാപം കടന്നുവരുന്നത്. എന്നാൽ ഈ പ്രതിസന്ധികളെ യോസേഫിനെപ്പോലെ എങ്ങനെ അതിജീവിക്കാമെന്നും, ജീവിതത്തിൽ വിജയകരമായി മുന്നേറാൻ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണെന്നും ക്ലാസ്സിൽ വിശദമായി പ്രതിപാദിച്ചു.

### സൺഡേ ക്ലബ് വാർഷികാഘോഷവും പുതിയ അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനവും

2024-25 വർഷത്തെ സൺഡേ ക്ലബ് പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്കായി അവാർഡ് ദാനവും പുതിയ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നടന്നു. കഴിഞ്ഞ വർഷത്തെ എക്സാം, ടാലന്റ് ഷോ, അറ്റൻഡൻസ് എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവെച്ച കുട്ടികൾക്കുള്ള സമ്മാനങ്ങളും, സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്തു. ബഹുമാനപ്പെട്ട റവ. ജോർജ് ജേക്കബ് അച്ചൻ 2025-26 വർഷത്തെ സൺഡേ ക്ലബിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിച്ചു. സ്നേഹവിരുന്നോടെയും പ്രാർത്ഥനയോടെയും യോഗം പര്യവസാനിച്ചു.



ഷിബി സാബു
യൂത്ത് മിനിസ്ട്രി
കോഓർഡിനേറ്റർ











# ഇ.ജി.എം ...

# മിഷനറി സ...

18–ാമത് ഐക്യസുവിശേഷയോഗത്തോടനുബന്ധിച്ച് ജനുവരി 31–ാം തീയതി വൈകിട്ട് 6 മണി മുതൽ 9 മണിവരെ കീഴി...
വാലയിൽ മുഖ്യ സന്ദേശം നൽകി. വിവിധ സംസ്ഥാനങ്ങളിൽ നിന്നും വന്ന മിഷനറിമാരുടെ അനുഭവ സാക്ഷ്യങ്ങളും, ...
ട്രെയിനിംഗ് ക്യാമ്പും നടത്തപ്പെടുകയുണ്ടായി. ബൈബിൾ ക്വിസ്സ്, ബൈബിൾ ടെസ്റ്റ് എന്നീ മത്സരങ്ങളിൽ വിജയികളാ...













ആദിവാസികളുടെ സാം...








# ഓഫ് ഇന്ത്യ

# ംഗമം 2026

ല്ലം സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. മിഷൻ ഡയറക്ടർ ഡോ. വി.പി മത്തായി
വിവിധ കലാസാംസ്കാരിക പരിപാടികളും നടത്തപ്പെട്ടു. തുടർന്ന് 31.01.26 മുതൽ 03.02.26 വരെ മിഷനറിമാർക്കുള്ള
യവർക്കും ഫീൽഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഉന്നതനിലവാരം പുലർത്തിയവർക്കും സമ്മാനങ്ങൾ നൽകി.

























## സ്കാരിക പ്രോഗ്രാമുകൾ











# മഹാരാഷ്ട്രയിലെ ആലയത്തിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

മഹാരാഷ്ട്രയിലെ ഗോന്ദിയ ജില്ലയിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ശാലേം ഗോസ്പൽ മിഷൻ ചർച്ച് 2012–ൽ പണി പൂർത്തികരിച്ച് ആരാധന തുടങ്ങി എങ്കിലും ദൈവത്തിന്റെ മഹാകരുണയാൽ വിശ്വാസികൾ വർദ്ധിച്ച് വന്നതിനെ തുടർന്ന് നിലവിലുള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. ചേർന്നുള്ള EGM Zonal Officeന്റെ പണികളും പുരോഗമിക്കുന്നു. Br. ധിരഞ്ചൻ ലിമ, Br. സജി കെ. എസ് എന്നിവരുടെ നേതൃത്വത്തിൽ 15 ഗ്രാമങ്ങളിലായി സുവിശേഷവേല നടന്നു വരുന്നു. ദൈവമക്കളുടെ പ്രാർത്ഥനയും സഹായങ്ങളും നന്ദിയോടെ ഓർക്കുന്നു.



ശാലേം ഗോസ്പൽ മിഷൻ ചർച്ച്











Br. ധിരഞ്ചൻ ലിമ & പ്രകാശിനി ലിമ



Br. സജി. കെ.എസ് & ബിന്ദു സജി



Sis. സപ്ന പാട്ളേ



Sis. ഛായ ലളിത് ജനബന്ധു

# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

## 01

**വായനഭാഗം** : **യോശുവ 24–ാം അദ്ധ്യായം, ലൂക്കൊസ് 11, 12 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) ബാവി റെഡ്ഡി, മധപന സുവർണ്ണരാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരായണ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **ന്യായാധിപന്മാർ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **ന്യായാധിപന്മാർ 4–6 അദ്ധ്യായങ്ങൾ, ലൂക്കൊസ് 13–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : അസം (ബൊംഗൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ)
**വിഷയങ്ങൾ** : സുനിറാം- കാലിലെ മുറിവുണങ്ങുവാനായും, റോണോയിയൽ, ജെക്കിം- സന്ധിവാതം, പൂജ- വലത് കൈ തളർന്നു, ശാന്തി- നടുവേദന, തലവേദന, ശരീര വേദന സൗഖ്യത്തിനായും സുവിശേഷവേല വളരുന്നതിനായും പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **ന്യായാധിപന്മാർ 9–11 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) പ്രസാദ് റാം, ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ്
**വിഷയങ്ങൾ** : തൽമയി- കൈ ഒടിഞ്ഞു സൗഖ്യത്തിനായും, സുനിത ഭഗവാൻ- വേർപിരിഞ്ഞ് താമസിക്കുന്നു. കുടുംബജീവിതം അനുഗ്രഹിക്കപ്പെടുവാനായും, ഛോട്ടേലാൽ- മക്കളില്ലാതെ ഭാരപ്പെടുന്നു. ദൈവം തലമുറയെ നൽകുന്നതിനായും പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **ന്യായാധിപന്മാർ 12–14 അദ്ധ്യായങ്ങൾ, ലൂക്കൊസ് 14–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : മഞ്ജു - മകളെ കാൺമാനില്ല, കണ്ടെത്തുവാനും, തുളസി - വാർദ്ധക്യസഹജമായ രോഗങ്ങൾ സൗഖ്യത്തിനായും, ഹർഷ്, പ്രതിക്യ - പഠനത്തിന്റെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **ന്യായാധിപന്മാർ 15, 16 അദ്ധ്യായങ്ങൾ, ലൂക്കൊസ് 15, 16 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : ഫീൽഡിലെ എല്ലാ വിശ്വാസികൾക്കായും, സുവിശേഷവേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **ന്യായാധിപന്മാർ 17–19 അദ്ധ്യായങ്ങൾ, ലൂക്കൊസ് 17, 18 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ ടുഡു
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**08**

**വായനഭാഗം** : **ന്യായാധിപന്മാർ 20, 21 അദ്ധ്യായങ്ങൾ, ലൂക്കൊസ് 19, 20 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർലാൽ ലോട്ട്റെ, രാജേന്ദ്രകുമാർ പട്ടേൽ, ശ്യാംകുമാർ കിഷോർ, ധനേശ്വർസിംഗ് മാർക്കാം
**വിഷയങ്ങൾ** : സന്തോഷ് - ശരീരം മുഴുവൻ ചൊറിച്ചിൽ, സരസ്വതി - കാല് വേദന, ഓബേദ് - മുഖത്ത് ചൊറിച്ചിൽ, പ്രതിമ - തലകറക്കം, ബലിറാം, ബസന്ത്, മഹേഷ് - കാല് വേദന, ശ്യാമ - അമിതവണ്ണം, രേണു - ക്ഷീണം, ബ്ലഡ് കുറവ് - ഇവരുടെ സൗഖ്യത്തിനായും, ഗോവിന്ദ് - മാനസാന്തരത്തിനായും, സുമിത്ര, റാണി - മക്കളില്ലാതെ ഭാരപ്പെടുന്നു, ശുഭം, ഭഗവാനി - കുടുംബത്തിന്റെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**09**

**വായനഭാഗം** : **രൂത്ത് 1–4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു
**വിഷയങ്ങൾ** : പ്രിയ - പുതിയതായി വിശ്വാസത്തിൽ വന്ന വ്യക്തിയാണ്. വിശ്വാസത്തിൽ നിലനിൽക്കുവാനും, സന്തോഷി - പൈൽസ് സൗഖ്യത്തിനായും, മേനിക - തക്ക തുണക്കായും, ശത്രുഹൻ - മദ്യപാനം മാറുന്നതിനും, തടസ്സങ്ങൾ മാറി ആരാധനാലയത്തിന്റെ പണി ആരംഭിക്കുന്നതിനായും പ്രാർത്ഥിക്കാം.

**10**

**വായനഭാഗം** : **1 ശമുവേൽ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂറത്ത്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: എനോശ്, ആരോൺ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : രഞ്ജു - ഡയറിയ, ദീപു - നടുവേദന, റിയാൻഷ് - ജലദോഷം ഇവരുടെ സൗഖ്യത്തിനായും, വിക്രം - കടബാധ്യത മാറുന്നതിനായും, കിഷൻ കുടുംബത്തിന്റെ അനുഗ്രഹത്തിനും, വിശ്വാസത്തിൽ നിലനിൽക്കുവാനും ഫീൽഡിലെ ശുശ്രൂഷകളുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**11**

**വായനഭാഗം** : **1 ശമുവേൽ 4–6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**12**

**വായനഭാഗം** : **1 ശമുവേൽ 7–9 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽഭൂഷൻ കുമാർ
**വിഷയങ്ങൾ** : ഫീൽഡിൽ ആരാധനാലയം പണിയുന്നതിനും, വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും സുവിശേഷവേലക്ക് കടന്നുപോകുന്നതിന് ബൈക്കിനായും പ്രാർത്ഥിക്കാം.

**13**

**വായനഭാഗം** : **1 ശമുവേൽ 10, 11 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (ജംഷഡ്പൂർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്പ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : സുവിശേഷവേലയുടെ അനുഗ്രഹത്തിനായും, വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും പ്രാർത്ഥിക്കാം.

**14**

**വായനഭാഗം** : **1 ശമുവേൽ 12–14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകൻ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**15**

**വായനഭാഗം** : **1 ശമുവേൽ 15, 16 അദ്ധ്യായങ്ങൾ, ലൂക്കൊസ് 21, 22 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ്കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രയാൻഷ്, പ്രിയാൻഷി), സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക്കുമാർ, പാർസിംഗ്
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 16

**വായനഭാഗം** : **1 ശമുവേൽ 17–19 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)
**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ജൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലളിത് ജനബന്ധു, സായിനാഥ് മല്ല, ഗണേഷ്, ഉമാജി ഷിൻഡെ
**വിഷയങ്ങൾ** : സാൻവി, ചന്ദ്രകല - കണ്ണിന്റെ പ്രയാസങ്ങൾ മാറുവാനും, പ്രഥ്വിരാജ് - ബി.പി, ഷുഗർ, രവി - ബ്ലഡ് കുറവ്, ക്ഷീണം, രേഖാ - വയറുവേദന, രഞ്ജു - ഹൃദയസംബന്ധമായ രോഗങ്ങൾ - ഇവരുടെ സൗഖ്യത്തിനായും, ചന്ദ്രകാന്ത്, പ്രാചി, നിഖിൽ - ജോലി ലഭിക്കുവാനും, ഭൗദാസ് - മദ്യപാനം മാറുവാനും, മന്ദ - ബിസിനസ്സിന്റെ അനുഗ്രഹത്തിനായും, ചർച്ചുപണിയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 17

**വായനഭാഗം** : **1 ശമുവേൽ 20, 21 അദ്ധ്യായങ്ങൾ, ലൂക്കൊസ് 23–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)
**പ്രവർത്തകൻ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മക്കൾ: സ്മൃതി, ഏയ്ഡൻ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 18

**വായനഭാഗം** : **1 ശമുവേൽ 22–24 അദ്ധ്യായങ്ങൾ, ലൂക്കൊസ് 24–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)
**പ്രവർത്തകൻ** : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 19

**വായനഭാഗം** : **1 ശമുവേൽ 25–27 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കണ്ഡമാൽ)
**പ്രവർത്തകർ** : സുദം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആശേഷ്, അർച്ചൻ, അഞ്ജന) തുപേശ്വർ മാജി
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 20

**വായനഭാഗം** : **1 ശമുവേൽ 28–30 അദ്ധ്യായങ്ങൾ, യോഹന്നാൻ 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കൊട്ടഗ്രാ)
**പ്രവർത്തകൻ** : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 21

**വായനഭാഗം** : **1 ശമുവേൽ 31–ാം അദ്ധ്യായം, യോഹന്നാൻ 3–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡിഷ (ഹത്മുനിഗുഡ)
**പ്രവർത്തകൻ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 22

**വായനഭാഗം** : **2 ശമുവേൽ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കൽഹണ്ടി)
**പ്രവർത്തകൻ** : ആശിഷ് സിംഗ് (ഭാര്യ: മുക്ത)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 23

**വായനഭാഗം** : **2 ശമുവേൽ 4–6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)
**പ്രവർത്തകർ** : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: ഏയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ: മംമ്ത, മക്കൾ: ജമീമ, ജറീന)
**വിഷയങ്ങൾ** : ട്യൂഷനു കടന്നുവരുന്ന കുട്ടികൾക്കായും, പഠിപ്പിക്കുന്ന അദ്ധ്യാപകർക്കായും, സുവിശേഷവേലയുടെ അനുഗ്രഹത്തിനായും ഗോയൽക്കോണ ഗ്രാമത്തിൽ ദൈവപ്രവൃത്തി വെളിപ്പെടുന്നതിനായും പ്രാർത്ഥിക്കാം.

## 24

**വായനഭാഗം** : **2 ശമുവേൽ 7–9 അദ്ധ്യായങ്ങൾ, യോഹന്നാൻ 4–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്രൂപ് കൗർ), രാജ്പാൽ മസിഹ്
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 25

**വായനഭാഗം** : **2 ശമുവേൽ 10, 11 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ്വാഡ)
**പ്രവർത്തകർ** : ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, രമേശ്, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവിഡ, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ്ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 26

**വായനഭാഗം** : **2 ശമുവേൽ 12, 13 അദ്ധ്യായങ്ങൾ, യോഹന്നാൻ 5–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)
**പ്രവർത്തകർ** : കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 27

**വായനഭാഗം** : **2 ശമുവേൽ 14–16 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപ്പേട്ട)
**പ്രവർത്തകർ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലി, സുസന്ന, സാറ്റ്വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റാവു (ഭാര്യ: ഇന്ദിര, മക്കൾ: രുത്വിക, ഇവാഞ്ചലിക)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 28

**വായനഭാഗം** : **2 ശമുവേൽ 17, 18 അദ്ധ്യായങ്ങൾ, യോഹന്നാൻ 6–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകൻ** : അജിത്ത് കുമാർ (ഭാര്യ: ആശ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 29

**വായനഭാഗം** : **2 ശമുവേൽ 19–21 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തരാഖണ്ഡ് (നൈനിറ്റാൾ)
**പ്രവർത്തകർ** : ഹർമീന്ദ് സിംഗ് (ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 30

**വായനഭാഗം** : **യോഹന്നാൻ 7, 8 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ്ഗുരി)
**പ്രവർത്തകർ** : ഉമേഷ്കുമാർ ഹെബ്രോം (ഭാര്യ: മീന, മക്കൾ: ജറീന, ജയിംസ്) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു
**വിഷയങ്ങൾ** : മാലോ - ബി.പി. കുറഞ്ഞു, ബ്ലഡ് കുറവ് സൗഖ്യത്തിനായും, വിശാൽ, ദുട്ടക്കു, മൈക്കിൾ, ശിമോൻ, ഹേമരാജ് - മദ്യപാനം മാറുവാനും, സോമ, ബബ്ലു, ദിലീപ് - മുടക്കംവരാതെ ആരാധനക്ക് കടന്നുവരുന്നതിനായും പ്രാർത്ഥിക്കാം.


പ്രാർത്ഥനാ സഹായത്തിന്
**ഗാർഡിയൻ പ്രേയർ സെൽ**

**ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക**

**CALL: 9446610923**
**E-mail: guardianprayercell@gmail.com**
**www.egmofindia.com**





സി. ജി. തോമസ്

# ദൈവപദ്ധതിയും പൂർവ്വജ്ഞാനവും

പാപികൾക്കുവേണ്ടിയുള്ള യേശുവിന്റെ മരണം അനിവാര്യമായിരുന്നു. ദൈവകുഞ്ഞാടായ അവന്റെ ബലിഅർപ്പണമാണ് പാപപരിഹാരത്തിനുള്ള മാർഗ്ഗം. അബ്രാഹാം തന്റെ ഏകജാതനായ യിസ്ഹാക്കിനെ ബലിഅർപ്പിക്കുന്നതും, അതുപോലെതന്നെ പഴയനിയമത്തിൽ കാണുന്ന ഹോമബലികളും എല്ലാംതന്നെ, നമുക്കുവേണ്ടി അറുക്കപ്പെടുന്ന ദൈവകുഞ്ഞാടിന്റെ ബലിയുടെ മുൻസൂചനകളായിരുന്നു. ദൈവസ്നേഹത്തിന്റെ പാരമ്യമാണ് കുരിശിലെ ബലിയിൽ നാം ദർശിക്കുന്നത്. ആദാം ഹവ്വാമാരുടെ പാപം മൂലം മരണം ലോകത്തിൽ പ്രവേശിച്ചു. താൻ സൃഷ്ടിച്ച മനുഷ്യകുലത്തെ ഇല്ലാതാക്കുകയോ അഥവാ അവർക്കു പാപത്തിനു തക്ക ശിക്ഷ കൊടുക്കുകയോ അല്ല, യഹോവ ചെയ്തത്. തന്മൂലം ദൈവത്തിന്റെ സ്നേഹത്തിന്റെയും കൃപയുടെയും ആഴം നമുക്കു കാണുവാൻ സാധിക്കും.

രക്ഷക്കുള്ള മാർഗ്ഗമാണ് ദൈവം നൽകിയിരിക്കുന്നത്. "ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും, തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാൽ തകർക്കും." (ഉല്പ 3:15). രക്ഷാസന്ദേശം അവിടെവെച്ചു തന്നേ നൽകിയിരിക്കുകയാണ്. ദൈവനിശ്ചയങ്ങൾ അപ്പപ്പോൾ ഉണ്ടാകുന്നതല്ല. എല്ലാം അനാദിയിലേ നിശ്ചയിക്കപ്പെട്ടവയാണ്. "എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല" എന്നു യേശു ഗലീലയിലെ കാനാവിൽവെച്ച് യേശുവിന്റെ അമ്മ മറിയത്തോടു പറഞ്ഞതിൽനിന്നും എല്ലാറ്റിനും നാഴിക നേരത്തേ നിശ്ചയിക്കപ്പെട്ടിരിക്കുകയാണെന്നു നമുക്കു മനസ്സിലാക്കാം.

'നാഴിക' മാത്രമല്ല തന്റെ കുരിശുമരണത്തെ സംബന്ധിച്ച വിവരങ്ങൾ ഒക്കെ സങ്കീർത്തനത്തിൽകൂടെയും പ്രവാചകവെളിപ്പെടുത്തലിൽകൂടെയും, നമുക്ക് അറിയിച്ചുതന്നിട്ടുണ്ട്. യേശു മരിച്ചവരുടെ ഇടയിൽനിന്നും ഉയിർത്തെഴുന്നേറ്റതിനു ശേഷം എമ്മവൂസ് എന്ന ഗ്രാമത്തിലേക്കു പോയ രണ്ടു ശിഷ്യന്മാരോട് സംസാരിച്ചുകൊണ്ട് യാത്ര ചെയ്ത വിവരം ലൂക്കൊസ് സുവിശേഷകൻ 24-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. തന്റെ ഉയിർപ്പിനെക്കുറിച്ച് അവർ കേട്ട കാര്യങ്ങൾ എല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ യേശു മറുപടി പറഞ്ഞു: അയ്യോ ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ? (ലൂക്കൊ 24:25-26).

ഈ മറുപടിയിൽനിന്ന് ചില സംഗതികൾ നാം മനസ്സിലാക്കണം (1) വിശ്വസിക്കാത്തവരെ ബുദ്ധിഹീനരേ, മന്ദബുദ്ധികളെ എന്നാണ് യേശു വിളിക്കുന്നത്. മന്ദബുദ്ധികളായതുകൊണ്ടാണ് നാം വിശ്വസിക്കാത്തത്. വിശ്വാസത്തിന്റെ ശക്തി പ്രദാനംചെയ്യേണമേ എന്ന് നാം പ്രാർത്ഥിക്കണം. മാത്രമല്ല, ക്രിസ്തുവിൽ വിശ്വസിക്കുന്നവരായി നാം ആയിത്തീർന്നിട്ടുണ്ടെങ്കിൽ അത് ദൈവത്തിന്റെ കൃപയാലാണെന്നു നാം മനസ്സിലാക്കണം. അതിനു നാം കൃതജ്ഞത അർപ്പിക്കണം. ലോകത്തിലെ അനേകകോടി ജനങ്ങളിൽനിന്ന് എന്നെ നീ പേരുചൊല്ലി വിളിച്ചതിനാലും വിശ്വാസ തീക്ഷ്ണതയാൽ എന്നെ നീ നടത്തുന്നതിനാലും നിനക്കു സ്തോത്രം. "ജഡരക്തങ്ങൾ അല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്കു ഇതു വെളിപ്പെടുത്തിയത്" (മത്താ 16:17) എന്നു പത്രൊസിനോടു പറഞ്ഞ യേശു കർത്താവ് നമ്മളോടും പറയുന്നു. 'സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ' നിങ്ങൾക്ക് ഇതു വെളിപ്പെടുത്തിയത്.

(2) പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതെല്ലാം നാം വിശ്വസിക്കണം. വിശുദ്ധ ലിഖിതങ്ങളിൽ ഉള്ള വചനങ്ങൾ ആരുടെയെങ്കിലും ഇഷ്ടത്താൽ ഉണ്ടായതല്ല, പരിശുദ്ധാത്മാവിന്റെ നിവാസത്താൽ എഴുതപ്പെട്ടവയത്രേ. അതു എല്ലാം നിവർത്തിയാകും. ഒന്നും, ഒരു വാക്കുപോലും അതിനോടു കൂട്ടിച്ചേർക്കുകയോ എടുത്തു കളയുകയോ പാടില്ല. പ്രവാചകന്മാരുടെ വാക്കുകൾ അവർ സ്വയമായി പറഞ്ഞിട്ടുള്ളതല്ല; ദൈവം അരുളിച്ചെയ്യുന്നു എന്ന് പ്രവാചകന്മാർ പറയുന്നത്. അതുകൊണ്ടാണ്, ഗലാത്യർക്കുള്ള ലേഖനത്തിൽ പൌലൊസ് ഇങ്ങനെ എഴുതിയിരിക്കുന്നു. ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ.' (ഗലാ 1:8). ഇത്ര കർശനമായി പറഞ്ഞിരിക്കുന്നതുകൊണ്ട് നാം അതു ശ്രദ്ധാപൂർവ്വം പാലിക്കണം. സ്വർഗ്ഗത്തിൽനിന്ന് ചില അറിയിപ്പുകൾ എനിക്കു കിട്ടിയതാണെന്നോ, ചില വിശുദ്ധന്മാർ എന്നോടു സംസാരിച്ചതാണെന്നോ, എനിക്കു ചില ദർശനങ്ങൾ ഉണ്ടായതാണെന്നോ പറഞ്ഞുകൊണ്ട് ചില പ്രത്യേക അനുഷ്ഠാനക്രമങ്ങൾ ചിലർ നടത്തുന്നുണ്ട്. വഞ്ചിക്കപ്പെടരുത് എന്നു മാത്രമേ അവരോടു പറയാനുള്ളു.

(3) പുതിയനിയമം എഴുതപ്പെട്ടു കിട്ടിയതുകൊണ്ട് ഇനിയും പഴയനിയമഗ്രന്ഥത്തിന്റെ ആവശ്യമില്ല എന്നു വിചാരിക്കുന്നവർ ഉണ്ട്. എന്നാൽ സത്യം അതല്ല. പഴയനിയമവും പുതിയനിയമവും ദൈവവചനങ്ങൾ തന്നേ. പ്രാവചകന്മാർ പറഞ്ഞിട്ടുള്ളവയെ വ്യാഖ്യാനിച്ചുകൊണ്ടാണല്ലോ എമ്മവുസിലേക്ക് യേശു ആ രണ്ടു ശിഷ്യരോടൊപ്പം നടന്നുപോയത്. പഴയനിയമഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ മനസ്സിലാകുന്നില്ലെന്നോ വ്യാഖ്യാനിക്കാൻ പ്രയാസമാണെന്നോ കരുതേണ്ടതില്ല. ആഗ്രഹത്തോടുകൂടി ദൈവവചനത്തിനായി ദാഹിക്കുന്നവർക്ക് പരിശുദ്ധാത്മാവ് അതെല്ലാം വെളിപ്പെടുത്തിക്കൊടുക്കും. പലകാര്യങ്ങളും നിഴലായിപഴയനിയമത്തിൽ കൊടുത്തിരിക്കുമ്പോൾ, അതിന്റെ യാഥാർത്ഥ്യങ്ങളാണ് ക്രിസ്തുവിൽക്കൂടി പുതിയ നിയമത്തിൽ കാണുന്നത്. പഴയനിയമത്തിലെ പ്രവചനങ്ങൾ പുതിയനിയമത്തിൽ സാക്ഷാത്ക്കരിക്കപ്പെട്ടുകഴിയുമ്പോൾ അവയുടെ സത്യം നമുക്കു ബോദ്ധ്യമാകും.


(4) മരിച്ചവരുടെ ഇടയിൽനിന്നും ആരെങ്കിലും ഉയിർത്തെഴുന്നേറ്റു വന്ന്, നരകത്തെക്കുറിച്ചോ സ്വർഗ്ഗത്തെക്കുറിച്ചോ സാക്ഷ്യപ്പെടുത്തിത്തരണമെന്ന് ആഗ്രഹിക്കുന്നവർ ഉണ്ട്. ധനവാന്റെയും ലാസറിന്റെയും ഉപമയിൽക്കൂടി (ലൂക്കൊസ് 16) യേശു ഒരു കാര്യം വ്യക്തമാക്കുന്നു. ധനവാൻ പാതാളത്തിൽ കിടക്കുന്നു. ലാസർ അബ്രാഹാമിന്റെ മടിയിൽ ഇരിക്കുന്നു. ധനവാൻ അബ്രാഹാംപിതാവിനോടു പ്രാർത്ഥിക്കുകയാണ്. പിതാവേ, അവനെ (ലാസറിനെ) എന്റെ അപ്പന്റെ വീട്ടിൽ അയക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു; എനിക്കു അഞ്ചു സഹോദരന്മാർ ഉണ്ട്. അവരും ഈ യാതനാസ്ഥലത്തു വരാതിരിപ്പാൻ അവൻ അവർക്കു സാക്ഷ്യം നൽകട്ടെ. അബ്രാഹാം അവനോട്; അവർക്കു മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ; അവരുടെ വാക്കു അവർ കേൾക്കട്ടെ എന്നു പറഞ്ഞു. അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽനിന്നു ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല എന്നു പറഞ്ഞു. മോശെയുടെയും പ്രവാചകന്മാരുടെയും വാക്കുകൾ എന്നു പറയുമ്പോൾ പഴയനിയമഗ്രന്ഥത്തെയാണ് കുറിക്കുന്നത്. മോശെയുടെ പഞ്ചഗ്രന്ഥങ്ങളും പ്രവാചകന്മാരുടെ ലിഖിതങ്ങളും.

(5) മരിച്ചവരുടെ ഇടയിൽനിന്ന് ഒരുവൻ എഴുന്നേറ്റുവരിക എന്നു പറയുമ്പോൾ യേശുവിനാൽ സാക്ഷാൽക്കരിക്കപ്പെട്ട ഒരു സംഭവമാണ്. എന്നിരുന്നാലും മോശെയുടെയും പ്രവാചകന്മാരുടെയും വാക്കുകൾ വിശ്വസിക്കേണ്ടവ തന്നേയെന്നാണ് യേശു പറഞ്ഞിരിക്കുന്നത്. എനിക്കു വേണ്ടപ്പെട്ട ഒരാൾ അല്ലെങ്കിൽ വിശുദ്ധജീവിതം നയിച്ച് മരിച്ച ഒരാൾ സ്വപ്നത്തിൽ എന്നോട് ഇങ്ങനെ സംസാരിച്ചു എന്നുപറഞ്ഞ്, വിശ്വാസജീവിതത്തിൽനിന്നു വിട്ടുപോകരുത്. നമ്മുടെ ജീവിതക്രമത്തിനും വിശ്വാസത്തിനും അടിസ്ഥാനമായി സ്വീകരിക്കേണ്ടത് ബൈബിൾ തന്നേയാണ്.

മുകളിൽ സൂചിപ്പിച്ചതിന്റെയെല്ലാം സാരം സകലതും ദൈവത്തിന്റെ മുൻ നിശ്ചയത്താലും തീരുമാനത്താലും മാത്രം നടക്കുന്നു എന്നതാണ്. "തന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യപുത്രൻ പോകുന്നു. എന്നാൽ, മനുഷ്യപുത്രനെ കാണിച്ചുകൊടുക്കുന്ന മനുഷ്യന്നോ ഹാ കഷ്ടം; ആ മനുഷ്യൻ ജനിക്കാതിരുന്നു എങ്കിൽ അവന്നു കൊള്ളായിരുന്നു." (മത്താ. 26:24). യൂദാ ഈസ്കരിയോത്താവാണ് 30 വെള്ളി കാശിന് യേശുവിനെ ഒറ്റിക്കൊടുത്തത്. അത് നേരത്തേതന്നെയുള്ള നിശ്ചയപ്രകാരം നടന്നതാണെങ്കിലും അതിന്റെ പാപത്തിൽനിന്ന് യൂദാസിന് ഒഴികഴിവില്ല അതുകൊണ്ടാണ് യേശു പറഞ്ഞത്. ജനിക്കാതിരുന്നെങ്കിൽ അവന്നു നന്നായിരുന്നു."

പീലാത്തോസിന്റെ മുമ്പിൽ വെച്ച് യേശു വിസ്തരിക്കപ്പെട്ടു. "എനിക്കു നിന്നെ ക്രൂശിക്കാൻ അധികാരമുണ്ടെന്നും നിന്നെ വിട്ടയക്കുവാൻ അധികാര

(ശേഷം പേജ് 30 – ൽ)



# ലോകത്തിന്റെ ചവറ്

**ഈ** ലോകത്തിന്റെ ചവറ് എന്താണ്? (1കൊരി 4:13) സുസംഘടിതമായ ദേശീയ ദോഷങ്ങൾക്കു ജന്മം നൽകുന്ന ദോഷം നിറഞ്ഞ ഉദരമാണോ അത്! അന്താരാഷ്ട്രീയ കുതിച്ചുകയറ്റത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ദോഷൈക അതിധീമാൻ ആണോ അത്? ബാബിലോൺ ആയിരുന്നുവോ അത്? അതു റോമ ആണോ? പാപം ആണോ അത്? ഈ ജുഗുപ്സാവഹമായ നാമധാരികളായ ഒരു കൂട്ടം ദുരാത്മാക്കളെത്തന്നെ കണ്ടെത്തിയിട്ടുണ്ടോ?

ഈ ചോദ്യങ്ങൾക്ക് ആയിരക്കണക്കിന് അനുമാനങ്ങളോടെ നൽകപ്പെടുന്ന ആയിരക്കണക്കിനു വ്യത്യസ്തമായ ഉത്തരങ്ങൾ ഉണ്ടായേക്കാമെങ്കിലും അവയിലൊന്നുപോലും ശരിയായിരിക്കുകയില്ല. നമ്മുടെ പ്രതീക്ഷക്കു തികച്ചും വിരുദ്ധമായിരിക്കും ശരിയായ ഉത്തരം. "ഈ ലോകത്തിന്റെ ചവറ്" എന്നു പറയുന്നത് മനുഷ്യരോ പിശാചുക്കളോ അല്ല, അതു ചീത്തയല്ല, നല്ലതത്രെ - നല്ലതെന്നു മാത്രമല്ല - ഏറ്റവും അത്യുത്തമം തന്നേ; അത് ഭൗതികമല്ല, ആത്മീകമത്രെ. അതു സാത്താനിൽനിന്നുള്ളതല്ല, ദൈവത്തിങ്കൽനിന്നുള്ളതത്രേ. അതു സഭയുടേതെന്നു മാത്രമല്ല, ഒരു വിശുദ്ധന്റേതുകൂടെയാണ്. അത് ഒരു വിശുദ്ധൻ എന്നു തന്നെയല്ല, വിശുദ്ധന്മാരിൽ അതിവിശുദ്ധനായ, സകല രത്നങ്ങളിലും ശ്രേഷ്ഠമായ കോഹിനൂർ തന്നെയത്രേ. പൌലൊസ്, പറയുന്നത്, "അപ്പൊസ്തലന്മാരായ ഞങ്ങൾ ഈ ലോകത്തിന്റെ ചവറ്" ആകുന്നുവെന്നത്രെ. അനന്തരം താൻ അപമാനത്തോട് പീഡയെ കൂട്ടുകയും, ദുഷ്കീർത്തിയെ ഉയർത്തിക്കാട്ടി, "അപ്പൊസ്തലന്മാരായ ഞങ്ങൾ ഇന്നുവരെ സകലത്തിന്റെ അഴുക്കായും തീർന്നിരിക്കുന്നു" (1 കൊരിന്ത്യർ 4:13) എന്നു പറഞ്ഞുകൊണ്ട് തങ്ങളുടെ താഴ്ചയുടെ ആഴം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

"ഈ ലോകത്തിന്റെ ചവറ്" എന്നുതന്നെത്താൻ മതിച്ചിരിക്കുന്ന ഒരുവൻ ഐശ്വര്യകാംക്ഷയില്ലാത്തവൻ ആകകൊണ്ട്, യാതൊന്നിനെക്കുറിച്ചും അസൂയപ്പെടുവാൻ ആവശ്യമില്ലാത്തവൻ ആകുന്നു. പ്രഖ്യാതൻ അല്ലായ്കയാൽ, യാതൊന്നിനു വേണ്ടിയും പൊരുതുവാൻ ആവശ്യമില്ലാത്തവനു മത്രെ. അവന് സ്വത്തൊന്നും ഇല്ലാത്തതിനാൽ, ആകുലചിന്തക്ക് യാതൊരു കാര്യവും ഇല്ലതന്നെ. അവന് 'അവകാശങ്ങൾ' യാതൊന്നും ഇല്ലാത്തതുകൊണ്ടു ദോഷം സഹിക്കേണ്ട ആവശ്യവും നേരിടുന്നില്ല. അനുഗ്രഹീതമായ അവസ്ഥ! അവൻ മരിച്ചവനാകയാൽ, ആർക്കും അവനെ കൊല്ലുവാൻ സാധിക്കയുമില്ല. മനസ്സിന്റെയും, ആത്മാവിന്റെയും ഇവ്വിധമായ അവസ്ഥയിൽ, 'ലോകത്തെ കീഴ്മേൽ മറിച്ചതിൽ' നാം ആശ്ചര്യപ്പെടേണ്ടതുണ്ടോ? ഐശ്വര്യകാംക്ഷിയായ വിശുദ്ധൻ, ലോകത്തോടുള്ള ഈ അപ്പൊസ്തലിക മനോഭാവം പരിചിന്തനം ചെയ്യട്ടെ. പ്രശസ്തനും വടുക്കളില്ലാതെ 'ഹോളിവുഡ് സ്റ്റൈലിൽ' ജീവിക്കുന്നവനുമായ സുവിശേഷകൻ തന്റെ വഴികളെപ്പറ്റി ചിന്തിക്കട്ടെ.

പൌലൊസ് സഹിച്ച 195 അടികൾ, മൂന്നു പ്രാവശ്യം ഏറ്റ കല്ലേറ്, എന്നിവയെക്കാൾ കൂടുതൽ ആർക്കാണ് അവനെ പീഡിപ്പിക്കുവാൻ സാധിക്കുക? അവനു മൂന്നു പ്രാവശ്യം നേരിട്ട കപ്പൽച്ചേതത്തിനും എപ്പോഴെങ്കിലും അവനെ വേദനിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? കൊരിന്തിലെ കൂട്ടം ദുശ്ശാഠ്യത്തോടും ജഡികമായും വിമർശിക്കുന്നവരായിരുന്നു. ജഡികത്വവും പണവും മൂലമായിരുന്നു ഈ സഭയിൽ ഭിന്നിപ്പുണ്ടായത്! ചിലർ പ്രശസ്തയിലേക്കു കുതിച്ചുയരുകയും പട്ടണത്തിലെ വർത്തക പ്രഭുക്കന്മാരായിത്തീരുകയും ചെയ്തു. അതുകൊണ്ട് 'ഞങ്ങളെക്കൂടാതെ നിങ്ങൾ വാഴുന്നവരായിത്തീർന്നു' എന്നു പൌലൊസിനു പറയേണ്ടിവന്നു. 1 കൊരിന്ത്യൻ 4:8 ൽ കാണുന്ന ഉജ്ജ്വലത്തായ വൈരുദ്ധ്യങ്ങളെ ചിന്തിക്കുക. "നിങ്ങൾ തൃപ്തന്മാരായി, നിങ്ങൾ സമ്പന്നന്മാരായി, ഞങ്ങളെ കൂടാതെ വാഴുന്നവരായി" "ഞങ്ങൾ ക്രിസ്തുനിമിത്തം ഭോഷന്മാർ; ഞങ്ങൾ മാനഹീനർ, ഞങ്ങൾ വിശന്നും ദാഹിച്ചും ഉടുപ്പാൻ ഇല്ലാതെയും ഇരിക്കുന്നു" (1കൊരിന്ത്യൻ 4:10) "ധന്യമായ പരിഹാരം ഒമ്പതാം വാക്യത്തിൽ ആണ്. "അപ്പൊസ്തലന്മാരായ

ഞങ്ങൾ ലോകത്തിന്ന്, ദൂതന്മാർക്കും മനുഷ്യർക്കും തന്നേ, കുത്തുകാഴ്ചയായി തീർന്നിരിക്കുന്നു."

"സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവൻ" എന്ന് പൌലൊസിന് അവനെക്കുറിച്ച് അവകാശം പറയുവാൻ വലിയ പ്രയാസം ഉണ്ടായിരുന്നില്ല. അനന്തരം പൌലൊസ് ഈ സത്യമത്രയും തങ്ങളുടെ വിശ്വാസത്തിന്റെ ലക്ഷ്യം തെറ്റിയവർക്കെതിരെ ചുണ്ടുകയായിരുന്നു. ഈ കൊരിന്തുകാർ തൃപ്തന്മാരായിരുന്നു. എങ്കിലും സ്വതന്ത്രർ ആയിരുന്നില്ല. (തടവറയിൽനിന്ന് ഒരുവൻ രക്ഷപ്പെട്ടെങ്കിലും കയ്യിൽ ചങ്ങല കിടക്കുംകാലത്തോളം അവൻ സ്വതന്ത്രൻ അല്ലതന്നേ). അവർക്കു അതിസമൃദ്ധിയും തനിക്ക് ഒന്നും ഇല്ലായ്മയും ആയിരുന്നതുകൊണ്ടല്ല പൌലൊസിന് വ്യഥയുണ്ടായത്. അവരുടെ ധനം അവരുടെ ദേഹിക്ക് ക്ഷയം വരുത്തിയതിൽ അത്രെ അവൻ ഞരങ്ങുവാനിടയായത്. അവർക്കു ആശ്വാസമുണ്ട്, എങ്കിലും ക്രൂശില്ല; അവർ സമ്പന്നർ എന്നാലും ക്രിസ്തു നിമിത്തം നിന്ദ സഹിക്കുന്നവർ ആയിരുന്നില്ല. അവർ ക്രിസ്തുവിന്റെ വകയല്ല എന്ന് അവർ പറയുന്നില്ല, പിന്നെയോ സ്വർഗ്ഗത്തിലേക്കു പോകുവാൻ മുള്ളുകളില്ലാത്ത ഒരു പാത അവർ അന്വേഷിക്കുന്നു. "നിങ്ങളോടുകൂടെ ഞങ്ങളും വാഴേണ്ടതിന്നു നിങ്ങൾ വാണു എങ്കിൽ കൊള്ളായിരുന്നു." എന്ന് അവൻ പ്രഖ്യാപിക്കുന്നു. അവർ വാസ്തവമായി വാഴുകയായിരുന്നെങ്കിൽ, ക്രിസ്തു വന്ന് ആയിരമാണ്ടു കാലം ആയിരിക്കുകയും, "നിങ്ങളോടു കൂടെ ഞങ്ങളും വാഴുകയുമായിരിക്കും" എന്ന് പൌലൊസ് പറയുകയായിരുന്നു.

എന്നാൽ ഈ വിധം അനാദരിക്കപ്പെട്ട്, നിന്ദിക്കപ്പെട്ട്, വില കുറെക്കപ്പെട്ടു കാണുവാൻ ആരാണ് ആഗ്രഹിക്കുന്നത്? ഇവ്വിധ സത്യം വിപ്ലവാത്മകവും, നമ്മുടെ ദുഷിച്ചുപോയ ക്രിസ്തീയ ഉപദേശത്തെ കീഴ്മേൽമറിക്കുന്നതും അത്രെ. ഭോഷന്മാരായി പരിഗണിക്കപ്പെടുന്നതിൽ നമുക്ക് പ്രമോദിപ്പാൻ കഴിയുമോ? നമ്മുടെ പേര് വിടക്ക് എന്നു തള്ളപ്പെട്ടു കാണുന്നത് അത്ര പ്രയാസമില്ലാത്ത കാര്യമോ? കമ്മ്യൂണിസം മനുഷ്യനെ താഴോട്ടു സമനിലയിലെത്തിക്കുന്നു; ക്രിസ്തുവോ മനുഷ്യനെ മുകളിലോട്ടു സമനിലയിലെത്തിക്കുന്നു! യഥാർത്ഥ ക്രിസ്ത്യാനിത്വം കമ്മ്യൂണിസത്തെക്കാളും ഏറ്റവും അധികം വിപ്ലവാത്മകമത്രേ. (നിശ്ചയമായും രക്തരഹിത വിപ്ലവം) സ്ഥിതിസമത്വത്തിന്റെ വലിയ യന്ത്രക്കപ്പലുകൾ സമ്പന്നതയുടെ കുന്നുകളെ "തള്ളിനീക്കി" ദാരിദ്ര്യത്തിന്റെ താഴ്വരകളെ 'നിറയ്ക്കുവാൻ' ശ്രമിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്താൽ 'വളഞ്ഞതിനെയൊക്കെയും നേരെയാക്കുവാൻ' കഴിയും എന്നു അവർ കരുതി – പാർലമെന്റിന്റെ ഒരു നിയമനിർമ്മാണം വഴിയായും രാഷ്ട്രീയ ചെങ്കോലിന്റെ കേവലമായ ഒരു തിരയടികൊണ്ടും, വളരെയധികം താമസിച്ചുപോയ ആയിരമാണ്ട് വാഴ്ചക്കാലത്തെ ആനയിപ്പിക്കാം എന്നും അവർ കരുതി. എന്നാൽ റഷ്യയിലെ ആവിധമായ വ്യതിയാനങ്ങൾ, കീഴ് നായ് ഏറ്റവും അടിത്തട്ടിലെ നായ് ആയിത്തീരുന്ന, കേവലം മേലാളന്മാരുടെ ഒരു മാറ്റം മാത്രം ആയിരുന്നു. ഇന്നു മറ്റുള്ളവരെ ദരിദ്രരാക്കിക്കൊണ്ടു ധനികർ ആയിത്തീരുന്ന അനേകരുണ്ട് എന്നാൽ പൗലൊസ് പറഞ്ഞത്, അവൻ "ദരിദ്രൻ എങ്കിലും അനേകരെ സമ്പന്നർ ആക്കുന്നവൻ' ആയിരുന്നു എന്നത്രെ. ദൈവത്തിന് സ്തോത്രം ഉണ്ടാകട്ടെ! ശിമോന്റെ പണസഞ്ചിക്ക് പരിശുദ്ധാത്മാവിൽനിന്നും യാതൊരു ശ്രദ്ധയും ലഭിക്കുന്നില്ല! "അനീതിയുള്ള മാമ്മോനെ' കണക്കാക്കേണ്ടത് എങ്ങനെയെന്ന് നാം ഇതുവരെ പഠിച്ചിട്ടില്ലെങ്കിൽ 'സത്യമായ ധനത്തിന്' നാം എങ്ങനെ ചുമതലപ്പെടും?



## ജീവിത പങ്കാളിയെ തേടി

സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............. വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :.............................................................. ഒപ്പ്:...................

## ക്രിസ്തുവിന്റെ സ്നാനത്തിന്റെ 2000-ാം വാർഷികാഘോഷത്തിനു യോർദ്ദാൻ ഭരണകൂടം തയ്യാറെടുക്കുന്നു



**ലോ**കമെമ്പാടുമുള്ള ക്രൈസ്തവരെ ആകർഷിക്കുവാനായി യേശു ക്രിസ്തു സ്നാനപ്പെട്ടതിന്റെ 2000-ാമത്തെ വാർഷികം യോർദ്ദാൻ സർക്കാർ ആഘോഷിക്കുന്നു. ഇതിനായി യോർദ്ദാൻസർക്കാർ വിപുലമായ ആഘോഷ പരിപാടിക്കുള്ള പദ്ധതിക്കു തുടക്കംകുറിക്കുന്നു. യോർദ്ദാൻസർക്കാരിന്റെ ഔദ്യോഗിക കണക്കുപ്രകാരം 2030-ൽ വാർഷികം നടക്കും. ഇതിനു മുന്നോടിയായി യേശു സ്നാനമേറ്റ സ്ഥലമാണെന്നു വിശ്വസിക്കപ്പെടുന്ന യോർദ്ദാനിലെ ബെഥാനി ഇപ്പോൾ യുനെസ്കോയുടെ അംഗീകൃത പൈതൃക സ്ഥലമാണ്. ഇവിടെ ഒന്നാം നൂറ്റാണ്ടിലേതുപോലെയുള്ള ഒരു ഗ്രാമം നിർമ്മിക്കാനായി സർക്കാർ 100 മില്യൺ ഡോളർ സമാഹരിക്കുന്നു. യോർദ്ദാൻനദിയുടെ പേരിലാണ് പേരിട്ടിരിക്കുന്നതെങ്കിലും പാശ്ചാത്യ അനുകൂല നിലപാടെടുക്കുന്ന യോർദ്ദാൻ രാജാവ് അബ്ദുള്ള രണ്ടാമൻ ഭരിക്കുന്ന രാജ്യം ആഘോഷത്തിനായി മുൻകൈ എടുക്കുകയാണ്. സ്നാനസൈറ്റ് കമ്മീഷൻ, ടൂറിസം മന്ത്രാലയം, റോയൽ കോർട്ട് എന്നിവ സഹസ്രാബ്ദ അനുസ്മരണത്തിനായി ഒരു സമഗ്ര പദ്ധതി ഉടൻ പ്രഖ്യാപിക്കണമെന്ന് യോർദ്ദാൻ ടൂറിസം. പുരാവസ്തു മന്ത്രി ഇമാദ് ഹിജാസിൻ മാധ്യമങ്ങളോടു പറഞ്ഞു. തെക്കൻ നഗരമായ കരാക്കിലെ ഒരു ക്രിസ്ത്യൻ കുടുംബത്തിൽനിന്നുള്ള ഹിജാസിൽ ക്രിസ്ത്യൻ ടൂറിസ്റ്റുകളെ യോർദ്ദാൻ സന്ദർശിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതിനായി വേൾഡ് ഇവാഞ്ചലിക്കൽ അലയൻസിന്റെപുതിയസെക്രട്ടറിജനറലായനസറെത്തിലെറവ.ബെട്രസ് മൻസൂർഉൾപ്പെടെയുള്ളആഗോളക്രിസ്ത്യൻനേതാക്കളുമായി ഒരു ഏകോപനം നടത്തുവാൻ ആഗ്രഹിക്കുന്നതായി മൻസൂർ പറഞ്ഞു.

യോർദ്ദാനിയൻ സെനറ്റിലെ ടൂറിസം ആൻഡ് ഹെറിറ്റേജ് കമ്മറ്റിയുടെ ചെയർമാനായ സെനറ്റർ മൈക്കൽ നസ്സൽ സ്നാനശുശ്രൂഷയുടെ ആഘോഷം സഹസ്രാബ്ദത്തെ ആഗോള ക്രിസ്ത്യൻ ഐക്യത്തിന്റെ ഒരു നിമിഷമായി അവതരിപ്പിക്കുന്നതിലുള്ള രാജ്യത്തിന്റെ പ്രതിബദ്ധതയെ ഊന്നിപ്പറഞ്ഞു. യോർദ്ദാനിലെ നൂറിലധികം സ്ഥലങ്ങൾ ബൈബിളിൽ ഉടനീളം പരാമർശിക്കപ്പെട്ടിട്ടുണ്ടെന്ന് ഗവേഷകർ പറയുന്നു. യേശുവിന്റെ സ്നാനത്തെക്കുറിച്ച് യോഹന്നാൻ എഴുതിയ സുവിശേഷം 1:28ൽ യോർദ്ദാനക്കാരെ എന്നു പരാമർശിച്ചിരിക്കുന്നു. യേശു സ്നാനപ്പെട്ടത് AD 27 ലൊ 28 ലൊ ആണെന്ന് ചരിത്രകാരന്മാർ പൊതുവെ അഭിപ്രായപ്പെടുന്നു. യേശു സ്നാനപ്പെട്ടത് 30-ാമത്തെ വയസ്സിലാണെന്ന് ബൈബിൾ വ്യക്തമാക്കുന്നു. യേശു ജനിച്ചത് BC 4-ൽ ആണെന്നാണ് ചരിത്രകാരന്മാരും വേദപണ്ഡിതന്മാരും കൂടുതലായി അഭിപ്രായപ്പെടുന്നത്. എന്നിരുന്നാലും ചരിത്രത്തെ AD എന്നും BC എന്നും രണ്ടായി വിഭജിച്ചത് യേശുവിന്റെ ജനനമായിരുന്നു. ഈ കാലയളവ് അംഗീകരിച്ചുകൊണ്ടാണ് യോർദ്ദാൻഭരണകൂടം യേശുവിന്റെ 2000-ാം സ്നാനവാർഷികം 2030 ആയി അംഗീകരിക്കുന്നത്. Source: www.discipelsnews.com

## മണിക്കൂറിൽ 1670 കി.മീ വേഗത്തിൽ ഭൂമി കറങ്ങുന്നു. എന്നിട്ടും നമ്മളത് അറിയാത്തത് എന്തുകൊണ്ട്?



**ഭൂ**മി സ്വയം കറങ്ങുന്നുണ്ടെന്ന് നമ്മളെല്ലാം സ്കൂളിൽ പഠിച്ചിട്ടുണ്ട്. എന്നാൽ ഭൂമിയുടെ ആ കറക്കം നേരിട്ട് നമുക്ക് അനുഭവപ്പെടുന്നില്ല. അതിനാൽ, ഭൂമിയുടെ കറക്കം നേരിൽകാണാൻ അവസരം ലഭിച്ചാൽ അത് നമ്മുടെ കണ്ണുകൾക്ക് അവിസ്മരണീയമായിരിക്കും. മണിക്കൂറിൽ 1670 കിലോമീറ്റർ എന്ന അസാമാന്യ വേഗത്തിൽ ഭൂമി കറങ്ങിയിട്ടും ആ വേഗം എന്തുകൊണ്ടാണ് നമുക്ക് തിരിച്ചറിയാൻ കഴിയാതെപോകുന്നത് ?

**24 മണിക്കൂറിൽ ഒരു കറക്കം ഭൂമി പൂർത്തിയാക്കും**

ഒരു തവണ പൂർണ്ണമായി കറങ്ങിത്തീരാൻ ഭൂമിക്ക് 24 മണിക്കൂർ വേണം. അതായത് ഓരോ മണിക്കൂറിലും 1,670 കിലോമീറ്റർ വേഗത്തിലാണ് ഈ യാത്ര. ഇത്രയും വേഗത്തിൽ കറങ്ങുന്ന ഭൂമിയിൽ ജീവിക്കുന്ന നമുക്ക് എന്തുകൊണ്ടാണ് ഈ കറക്കം ഒട്ടും അനുഭവപ്പെടാത്തത് ? ശാസ്ത്രലോകം ഇതിന് കൃത്യമായ വിശദീകരണം നൽകുന്നുണ്ട്.

**നമുക്ക് എന്തുകൊണ്ടാണ് ഭൂമിയുടെ കറക്കം അനുഭവപ്പെടാത്തത്?**

ഭൂമി കറങ്ങുന്നത് ഒരു സ്ഥിര വേഗതയിലാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഭൂമി കറങ്ങുമ്പോൾ അതിനൊപ്പമുള്ള സകല വസ്തുക്കളും അതേ വേഗതയിൽ ഒപ്പം കറങ്ങുന്നുണ്ട്. ഭൂമിയിലെ വായു, സമുദ്രങ്ങൾ, കെട്ടിടങ്ങൾ, എന്തിന് നമ്മൾപോലും ഭൂമിയോടൊപ്പം ഒരേ സ്ഥിരതയോടെ കറങ്ങുകയാണ്. അതുകൊണ്ടാണ് നമുക്ക് ഈ ചലനം തിരിച്ചറിയാൻ സാധിക്കാത്തത്. ചുറ്റുമുള്ള എല്ലാം ഒരേ വേഗതയിൽ ചലിക്കുന്നതിനാൽ നമുക്ക് ചലനം അനുഭവപ്പെടുന്നില്ലെന്ന് ശാസ്ത്രജ്ഞർ പറയുന്നു.

അപ്പോൾ മറ്റൊരു സംശയം വരാം. ഭൂമി തലകീഴായി കറങ്ങുമ്പോൾ നമ്മളും വെള്ളവും കെട്ടിടങ്ങളുമെല്ലാം താഴേക്ക് വീഴുകയോ അന്തരീക്ഷത്തിൽ ഒഴുകിനടക്കുകയോ വേണ്ടേ? അവിടെയാണ് ഭൂമിയുടെ ഗുരുത്വാകർഷണ ബലത്തിന്റെ ശക്തി. ഭൂമി കറങ്ങുമ്പോൾ പുറത്തേക്ക് ഒരു തള്ളൽ അനുഭവപ്പെടുമെങ്കിലും, അതിനേക്കാൾ എത്രയോ ശക്തമാണ് ഭൂമി എല്ലാത്തിനെയും തന്നിലേക്ക് ആകർഷിക്കുന്ന ഗുരുത്വാകർഷണ ബലം.അതുകൊണ്ടാണ് ഒന്നും താഴെ വീഴാത്തത്. (source: www.asianetnews.com)

(പേജ് 6 – ൽ നിന്നും)

എന്നാൽ ഇതാ, പുതിയനിയമത്തിന്റെ വിശാലമായ സന്ദേശം 'സമാധാനത്തിലേക്ക്' നിരന്തരം വിരൽചൂണ്ടുന്നു. യുദ്ധങ്ങൾ ചരിത്രത്തെ രൂപപ്പെടുത്തുംമ്പോലെ വിശ്വാസം നിത്യതയെ രൂപപ്പെടുത്തുന്നു. ഏറ്റവും പ്രയാസകരമായ സാഹചര്യങ്ങളിൽപ്പോലും ദൈവത്തിലുള്ള ആശ്രയം നമ്മെ വലിയൊരു പ്രത്യാശയിലേക്ക് നയിക്കുന്നു.

മഹാ കഷ്ടതയുടെയും ഉപദ്രവത്തിന്റെയും നാളുകളിലേക്ക് ലോകം നീങ്ങിക്കൊണ്ടിരിക്കുന്നു. എന്നാൽ ആ മഹോപദ്രവകാലത്തിനു മുന്നേ തന്റെ മണവാട്ടിയെ ചേർക്കുവാൻ മണവാളനായ ക്രിസ്തു മദ്ധ്യാകാശത്ത് വെളിപ്പെട്ടുവരും. ആ ദിവസംവരെ മനുഷ്യർ സംഘർഷത്തിൽ യാഥാർത്ഥ്യങ്ങൾക്കിടയിലും പകച്ചും പതറിയും പോകാതെ വിവേകം, വിനയം, വിശ്വാസം എന്നിവയിൽ നിലകൊള്ളുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ആമേൻ.

*ഒടുവിൽ സംഘർഷത്തിന് പകരം നീതിയും സമാധാനവും സ്ഥാപിക്കപ്പെടുകയും യേശുക്രിസ്തു രാജാവായി ഭൂമിയിൽ വാഴുകയും ചെയ്യുന്ന ഒരു മനോഹര കാലം കടന്നുവരും. യഥാർത്ഥ സമാധാനം എന്തെന്നു രുചിച്ചറിയുന്ന ഒരു യുഗം നമുക്ക് മുന്നിലുണ്ട് പ്രിയരെ. ആ നല്ല പ്രത്യാശക്കായി ഇന്ന് നമുക്ക് ഒരുങ്ങാം.*

■■■

(പേജ് 10 – ൽ നിന്നും)

നമ്മുടെ പദ്ധതികളെ കർത്താവിന്റെ സന്നിധിയിൽ സമർപ്പിക്കാം. ഉത്സാഹത്തോടെ ദൃഢനിശ്ചയത്തോടെ കഠിനാദ്ധ്വാനം ചെയ്യാം, ലക്ഷ്യം എന്ത് എന്ന് നന്നായി അറിഞ്ഞ്, അതു നേടിയിരിക്കുന്നു എന്ന ശുഭാപ്തിവിശ്വാസത്തിൽ യത്നിക്കാം. അവകാശം എന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞ് കർത്താവായ യേശുക്രിസ്തുവിനെ സേവിപ്പിൻ (കൊലൊസ്യർ 3:24). എന്ന വാക്യം നൽകുന്ന പ്രചോദനത്താൽ ക്രിസ്തുകേന്ദ്രീകൃതമായി ജീവിതവിജയികളായി മാറാം.

■■■

(പേജ് 26 – ൽ നിന്നും)

മുണ്ടെന്നും നീ അറിയുന്നില്ലയോ എന്ന് ചോദിച്ചതിന് യേശു അവനോട് മേലിൽനിന്ന് നിനക്കു കിട്ടിയിട്ടില്ല എങ്കിൽ എന്റെമേൽ നിനക്ക് ഒരധികാരവും ഉണ്ടാകയില്ലായിരുന്നു. (യോഹ 19:10,11) ഒരു റോമൻ ഗവർണ്ണറും ന്യായാധിപനുമായ പീലാത്തൊസിന്റെ മുമ്പിൽവെച്ചു വിസ്തരിക്കപ്പെടാനുള്ള അധികാരം പീലാത്തൊസിന് ലഭിച്ചത് മുകളിൽ നിന്നാണ് എന്നു യേശു പറയുന്നു. സകലതും ദൈവത്തിന്റെ പദ്ധതിയും പൂർവ്വജ്ഞാനവും അത്രേ. വിശ്വാസത്താൽ യേശുവിനെ ക്രിസ്തുവും രക്ഷകനുമായി സ്വീകരിക്കുന്നതിനും അവന്റെ കുരിശിലെ ബലിയാൽ പാപക്കറ കഴുകിക്കളയുന്നതിനും അവന്റെ രക്തത്താൽ തളിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നതിനും പരിശുദ്ധാത്മാവിനെ പ്രാപിച്ച് ഉന്മത്തരാകുന്നതിനും കഴിയുമാറാക്കിയതിൽ ദൈവത്തിനു നന്ദിപറയാം.

■■■

## മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം

# സാത്താന്യബന്ധനത്തിൽ നിന്നും വിടുതൽ



എന്നെ ഒരു ദുരാത്മാവ് ബാധിച്ചിരുന്നു. ഞാൻ ആവർത്തിച്ച് ഉറക്കെ നിലവിളിക്കുമായിരുന്നു. ഞാൻ വലിയ ദുരിതത്തിലായിരുന്നു. സൗഖ്യമാകുവാനായി ഒത്തിരി മരുന്നുകൾ പരീക്ഷിച്ചു. ഒരു മന്ത്രവാദിയുടെ അടുക്കൽ പോയി, പക്ഷേ സൗഖ്യം ലഭിച്ചില്ല. അതിനിടയിൽ, ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഒരു ശുശ്രൂഷകൻ വന്ന് യേശുക്രിസ്തുവിനെക്കുറിച്ച് എന്നോട് പറഞ്ഞു. യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിച്ചാൽ സുഖം പ്രാപിക്കുമെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ, ഞാൻ അദ്ദേഹത്തെ കുടുംബമായി വീട്ടിലേക്ക് ക്ഷണിച്ച് ഒരു പ്രാർത്ഥനായോഗം നടത്തി. ആ ദിവസം, കർത്താവായ യേശു എന്നെ സുഖപ്പെടുത്തി. ഞാൻ ഉറക്കെ നിലവിളിക്കുകയും ആവർത്തിച്ചാവർത്തിച്ച് വീഴുകയും ചെയ്യുമായിരുന്നു. അന്ന്, എനിക്ക് സൗഖ്യം ലഭിച്ചു. ഞാൻ ഇപ്പോൾ കർത്താവിനെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു.ഞങ്ങൾ കുടുംബമായി സ്നാനമേറ്റു. കർത്താവിൽ വിശ്വസിക്കുന്നു. വിശ്വാസജീവിതത്തിൽ കൂടുതൽ വളരുവാൻ ദയവായി എല്ലാവരും പ്രാർത്ഥിക്കണമേ. ഇപ്പോൾ ഞങ്ങൾ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ബീഹാറിലെ കത്തിഹാറിലെ ചപ്പനയിലുള്ള സീനായ് ഗോസ്പൽ മിഷൻ പള്ളിയിൽ ആരാധനക്ക് പോകുന്നു. സൗഖ്യംതന്ന കർത്താവിനു ഒരായിരം നന്ദി.

രേഖ കുമാരി, ബീഹാർ

# ആരോഗ്യവിചാരം

## മറ്റുള്ളവർ ഭക്ഷണം കഴിക്കുന്ന ശബ്ദം നിങ്ങളിൽ അസ്വസ്ഥത ഉണ്ടാക്കാറുണ്ടോ? എന്താണ് മിസോഫോണിയ?



ഞരമ്പുവഴി മസ്തിഷ്കത്തിലെത്തുന്ന ചില ഉൾപ്രേരണകളാണ് മിസോഫോണിയയെ ട്രിഗർചെയ്യുന്നതെന്നാണ് കറന്റ് ബയോളജി എന്ന ജേണലിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ പറയുന്നത്.

ചില ശബ്ദങ്ങൾ നിങ്ങളെ അസ്വസ്ഥപ്പെടുത്താറുണ്ടോ? അവയെ മനഃപൂർവ്വം ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടത്താറുണ്ടോ? ഇതെല്ലാം മിസോഫോണിയ എന്ന അവസ്ഥയുടെ ലക്ഷണങ്ങളാണ്. ഇതിനെ ശബ്ദത്തോടുള്ള വിരോധം എന്നും വിളിക്കാറുണ്ട്. സാധാരണ കേൾവി സംബന്ധമായ പ്രശ്നമല്ല മിസോഫോണിയ, മറിച്ച് മസ്തിഷ്കം ആ ശബ്ദങ്ങളെ എങ്ങനെ സ്വീകരിക്കുന്നു എന്നതുമായി ബന്ധപ്പെട്ടതാണ്. മിസോഫോണിയ ഒരു മാനസിക വെല്ലുവിളി അല്ലെങ്കിലും കോപം തുടങ്ങിയ പ്രശ്നങ്ങളുമായി ഇതിന് അടുത്ത ബന്ധമുണ്ട്. ശല്യപ്പെടുത്തുന്ന ശബ്ദങ്ങൾ വൈകാരികവും ചില സന്ദർഭങ്ങളിൽ ശാരീരിക പ്രതികരണവും ഉണ്ടാക്കും. ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾക്കിടയിലാണ് രോഗലക്ഷണങ്ങൾ കൂടുതലായി കാണപ്പെടുന്നതെന്ന് വിദഗ്ദ്ധർ പറയുന്നു.

ഞരമ്പുവഴി മസ്തിഷ്കത്തിലെത്തുന്ന ചില ഉൾപ്രേരണകളാണ് മിസോഫോണിയയെ ട്രിഗർചെയ്യുന്നതെന്നാണ് കറന്റ് ബയോളജി എന്ന ജേണലിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ പറയുന്നത്. സെലക്റ്റഡ് സൗണ്ട് സെൻസിറ്റിവിറ്റി സിൻഡ്രോം എന്നും സൗണ്ട് റെയ്ജ് എന്നും മിസോഫോണിയയെ പഠനം വിശേഷിപ്പിക്കുന്നു. വായയുമായി ബന്ധപ്പെട്ട ശബ്ദങ്ങളാണ് മിസോഫോണിയ ഉള്ള 80 ശതമാനം പേരെയും ബാധിക്കുന്നത്. പ്രതിദിന ജീവിതശൈലികളിൽ കുറച്ചു മാറ്റം വരുത്തിയാൽ ഈ രോഗത്തെ ഒരു പരിധിവരെ തടയാം.

**പ്രധാനമായും മൂന്ന് ലക്ഷണങ്ങളാണ് മിസോഫോണിയക്ക് ഉള്ളത്**

ദേഷ്യം പോലുള്ള വൈകാരിക വികാരങ്ങൾ, ഹൃദയമിടിപ്പ് വേഗത്തിലാകുന്നതുപോലുള്ള ശാരീരിക മാറ്റങ്ങൾ, പെരുമാറ്റത്തിലെ വ്യത്യാസങ്ങൾ. മിസോഫോണിയ ഉള്ളവരിൽ ട്രിഗർ ആവാം, ശബ്ദത്തോടെ ഭക്ഷണം ചവയ്ക്കുക, ക്ലോക്കിലെ ടിക്ക് ടിക്ക് ശബ്ദം, കൂർക്കംവലി, വിരലുകളിൽ ഞൊട്ട ഒടിക്കുന്നത്, പേന ക്ലിക്ക് ചെയ്യൽ, വെള്ളം ഇറ്റിറ്റുവീഴുന്നത്.

source: www.samakalikamalayalam.com

**Statement about ownership and other particulars about periodical**
**Gospel Messenger (Monthly) Form-IV (See rule-8)**

| | | | |
|---|---|---|---|
| 1. | Place of publication | : | Perumbavoor |
| 2. | Periodicity of publication | : | Monthly |
| 3. | Printer's name | : | V. P. Mathai |
| | Nationality | : | Indian |
| | Address | : | Valayil (H), Valamboor, Pattimattom P.O., Ekm-683 562 |
| 4. | Publisher's Name | : | V. P. Mathai |
| | Nationality | : | Indian |
| | Address | : | Valayil (H), Valamboor, Pattimattom P.O., Ekm-683 562 |
| 5. | Editors Name | : | Baby George |
| | Nationality | : | Indian |
| | Address | : | EGM of India, Perumbavoor P.O. - 683 542 |
| 6. | Name and Address of individual who own the Newspaper and Partners or share holders holding more than one percent of the total capital | : | V.P. Mathai, Valayil (H), Valamboor, Pattimattom P.O, EKM-683 562 |

I, V. P. Mathai, hereby declare that the particulars given above are true to the best of my knowledge and belief.

Date: 15.03.2026

(sd/-)
V.P. Mathai

ഭാഗം : 04

# ബൈബിൾ ക്വിസ് APR 2026



(1 രാജാക്കന്മാർ, വെളിപ്പാട്, GM മാർച്ച് 2026)

1. ശലോമോനെ അഭിഷേകംചെയ്യുവാൻ സാദോക്ക് പുരോഹിതൻ തൈലം കൊണ്ടുവന്നത് എവിടെനിന്ന് ?
2. അതിന്റെ ശക്തി വായിലും വാലിലും ആയിരുന്നു. ഏതിന്റെ?
3. നീ യോഗ്യ പുരുഷൻ, നീ നല്ല വർത്തമാനം കൊണ്ടുവരുന്നു. ആര് ?
4. എഴുതാതെ മുദ്രയിട്ടേക്കുക എന്ന് സ്വർഗ്ഗത്തിൽനിന്ന് ശബ്ദം കേട്ടത് എന്തിനെപ്പറ്റി?
5. ശലോമോനെ എവിടെവെച്ചാണ് രാജാവായി അഭിഷേകം ചെയ്തത് ?
6. ചെറുപുസ്തകം തിന്നാൽ എന്ത് സംഭവിക്കും?
7. ദാവീദ് രാജാവ് എവിടെയാണ് നമസ്കരിച്ചത് ?
8. യോഹന്നാന്റെ കയ്യിൽ കിട്ടിയ കോൽ എങ്ങനെയുള്ളത് ?
9. മനുഷ്യഹൃദയങ്ങളിൽ ഉണ്ടായ മാനസാന്തരത്തിന്റെ ഫലം തിരിച്ചറിയുവാൻ ഈസ്റ്റർദിനത്തിലെ എന്തിന്റെ കണക്ക് നോക്കിയാൽ മതി?
10. അവനിൽ കുറ്റം കണ്ടാലോ അവൻ മരിക്കേണം എന്ന് ആരെപ്പറ്റിയാണ് ശലോമോൻ പറഞ്ഞത് ?

*ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.*

## ബൈബിൾ ക്വിസ് 2026 - ഭാഗം 3 ശരിയുത്തരങ്ങൾ

1. അബീശഗ് (1 രാജാക്കന്മാർ 1:15 )
2. അപ്പൊല്ലുവോൻ (വെളിപ്പാട് 9:11)
3. സാദോക്ക് (1 രാജാക്കന്മാർ 1:26)
4. യൂഫ്രാത്തേസ് നദീതീരത്ത് (വെളിപ്പാട് 9:14 )
5. യിസ്രായേലിന്റെ ദൈവമായ യഹോവയുടെ (1 രാജാ. 1:30)
6. സോഷ്യൽ മീഡിയ (ജിഎം. ഫെബ്രുവരി പേജ് 9 )
7. ദാവീദിന്റെ കോവർകഴുതപ്പുറത്ത് (1 രാജാക്കന്മാർ 1:33)
8. സിംഹങ്ങളുടെ തലപോലെ (വെളിപ്പാട് 9:17)
9. ശലോമോൻ (1 രാജാക്കന്മാർ 1:35)
10. കുതിരകളുടെ (വെളിപ്പാട് 9:17)

## ഭാഗം-2 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

സുജ നെൽസൺ, തങ്കച്ചി വർഗീസ്, തങ്കമ്മ ഔസേഫ്, ബിനി റെജി, ലില്ലി ചാക്കോ, ജിൻസി എഡ്‌വിൻ, ഗ്രേസി ചാക്കോ, ജാൻസി ജോൺ, ലീലാമ്മ ജോസ്, റാഹേലമ്മ ജോർജ്ജ്

# പ്രവർത്തകരെ ബന്ധപ്പെടാം

## GOSPEL TEAM

STATE CO-ORDINATOR

P.V. JOSEPH : 94465 96654

ORGANIZER

M.O. JOSE : 86067 04376

## ZONAL SECRETARIES

CHINNU RAJAN : 99953 29889
JANCY VARGHESE : 94465 23654
C.K. ABRAHAM : 94478 74276
VALSA KURIAKOSE : 94972 80050
M.A. MATHAI : 85473 90680

## ഓഫീസ് OFFICE TIME : 9.30 am - 6.00 pm

**Address :** E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA - 683556

**Phone :** (+91) 8281616654 (Whatsapp)
**E-mail :** egmofindia@gmail.com
**Website :** www.egmofindia.com

**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
E-mail : vpmathaivalayil@gmail.com

# മിഷനറിമാരുടെ കുടുംബ ധ്യാനം



25.04.2026 മുതൽ 01.05.2026 വരെ അല്ലപ്ര മിഷൻസെന്ററിൽ വച്ച് മിഷനറിമാരുടെ കുടുംബ ധ്യാനവും Ordination–ഉം നടത്തപ്പെടുന്നു. മിഷനറിമാരുടെ ഭാര്യമാരും കുട്ടികളും പങ്കെടുക്കുന്ന ഈ മീറ്റിംഗിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമേ.

# VACATION BIBLE SCHOOL

**ഗോസ്പൽ മിഷൻ ബിബ്ലിക്കൽ അക്കാദമിയുടെ ആഭിമുഖ്യത്തിൽ**

**APRIL 22, 23, 24 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ**

**TIME** 10 am - 4 pm **VENUE** അല്ലപ്ര മിഷൻസെന്റർ

**THEME**

## 'GOD'S TEAM'
## 'ദൈവത്തിന്റെ സംഘാംഗങ്ങൾ'

CEF (Children Evangelisam fellowship)
പ്രവർത്തകർ ക്ലാസ്സുകൾക്ക് നേതൃത്വംകൊടുക്കുന്നു.

**CONTACT: 8281616654, 9447707654**

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

| | |
|---|---|
| ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്<br>Support for the works in a Mission field | : ₹ 15,000/ |
| ഒരു മിഷനറിയുടെ സംരക്ഷണത്തിന്<br>support for a Missionary | : ₹ 5,000/ |
| ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്<br>Evangelisation of a village | : ₹ 2,500/ |
| ബൈബിൾ, സുവിശേഷപ്രതികൾക്ക്<br>Distribution of Bible, Tracts etc. | : ₹ 500/ |

### മറ്റു ആവശ്യങ്ങൾ (other needs)

| | |
|---|---|
| ഒരു ആരാധനാലയം നിർമ്മിക്കുവാൻ<br>Construction of a Church | : ₹ 10,00,000/ |
| ഗ്രാമത്തിൽ ഒരു പ്രേയർ ഹാൾ<br>Construction of a Prayer Hall in a village | : ₹ 4,00,000/ |
| ഫീൽഡിലേക്ക് ഒരു ടൂവീലർ<br>Buy a twowheeler to the Mission field | : ₹ 1,00,000/ |
| ഫീൽഡിലേക്ക് ഒരു സൈക്കിൾ<br>Buy a cycle to the Mission field | : ₹ 5,000/ |

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

| | |
|---|---|
| ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം<br>Distribute Lunch In Tribal school | : ₹ 5,000/ |
| മെഡിസിൻ വിതരണത്തിന്<br>Distribution of medicine | : ₹ 1000/ |
| ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക്<br>Palliative Care for a BPL Family | : ₹ 1,000/ |
| ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ വിദ്യാഭ്യാസചിലവ്<br>Support | : ₹ 1,700/ |
| വിദ്യാഭ്യാസ സഹായം<br>Educational help | : ₹ 500/ |

### മറ്റു ആവശ്യങ്ങൾ (other needs)

| | |
|---|---|
| ഒരു വീട് നിർമ്മിക്കുവാൻ<br>Construction of a house for the poor | : ₹ 4,00,000/ |
| സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ്<br>school uniform, bag & shoes | : ₹ 1,500/ |

### ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

UPI ID: egmofindia@sbi

### ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

UPI ID: helpindia@fbl

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

**പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

- 2000/- രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)

# വാഹനസഹായം




ബിഹാറിലെ ഉൾനാടൻ ഗ്രാമങ്ങളിൽ സാമൂഹിക സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന Br. പ്രസാദ് റാം, Br. ഗ്യാൻ പ്രകാശ് എന്നിവരുടെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ സൈക്കിളുകൾ നൽകി.

യാത്രാസൗകര്യങ്ങൾ കുറവായ വിദൂര ഗ്രാമങ്ങളിലാണ് നമ്മുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. കിലോമീറ്ററുകളോളം നടന്നാണ് പ്രവർത്തകർ ഭവനസന്ദർശനങ്ങളും കൂട്ടായ്മയോഗങ്ങളും നടത്തി വരുന്നത്. ഇങ്ങനെ ദീർഘദൂരം സഞ്ചരിക്കേണ്ടി വരുന്നതിനാൽ പ്രവർത്തനങ്ങൾക്ക് വീഴ്ച്ച വരുന്നതുകൊണ്ട് ഒരു സൈക്കിൾ ലഭ്യമാകുന്നത് ഇവരുടെ യാത്രാക്ലേശം കുറയ്ക്കാനും കൂടുതൽ ഇടങ്ങളിൽ പ്രവർത്തനങ്ങൾ എത്തിക്കാനും ഉപകരിക്കും.

കൂടാതെ, ഭാരതത്തിലെ പല ഉൾനാടൻ ഗ്രാമങ്ങളിലും യാത്രാസൗകര്യങ്ങളുടെ കുറവ് മൂലം നമ്മുടെ ഗ്രാമവാസികളുടെ മക്കൾക്ക് കിലോമീറ്ററുകൾ നടന്നാണ് സ്കൂളുകളിൽ എത്തേണ്ടി വരുന്നത്. ദൂരക്കൂടുതൽ കാരണം വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്ന കുട്ടികൾക്ക് ഒരു സൈക്കിൾ എന്നത് വലിയൊരു കൈത്താങ്ങായിരിക്കും.

*നമുക്കും ഈ നല്ല ഉദ്യമത്തിൽ പങ്കാളികളാകാം.*
*നിങ്ങളുടെ ഓരോ സഹായവും വിലപ്പെട്ടതാണ്.*

FEDERAL BANK

Scan & Support

helpindia1@fbl

ഹെൽപ്പ് ഇന്ത്യ മിഷന്റെ ചാരിറ്റി പ്രവർത്തനങ്ങൾക്കായി 80G പ്രകാരം Income Tax ഇളവ് ലഭിക്കുന്നതാണ്. അതിനായി 100 302 000 284 26 എന്ന അക്കൗണ്ട് നമ്പർ ഉപയോഗപ്പെടുത്തുക.

## BANK DETAILS

| HELP INDIA MISSION | V.P. MATHAI *(Official)* |
|---|---|
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor
IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305

GOSPEL MESSENGER MONTHLY വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)

# ഇ.ജി.എം. ഓഫ് ഇന്ത്യ

## കുടുംബസംഗമവും 19-ാമത് സ്ഥാപകദിനവും

2026 മെയ് 1 (വെള്ളിയാഴ്ച) 6 PM - 9.15 PM

**അല്ലപ്ര മിഷൻ സെന്ററിൽ**

വചന ശുശ്രൂഷ



Rev. തോമസ് മാത്യു



Dr. വി. പി. മത്തായി വാലയിൽ

എവർക്കും സ്വാഗതം !!!

ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള മിഷനറിമാരും പ്രതിനിധികളും വൈദീകരും സുവിശേഷകരും പങ്കെടുക്കുന്നു.

# രക്ഷാസന്ദേശം

ടി. വി പ്രോഗ്രാം

POWERVISION

പവർവിഷൻ ചാനലിൽ

ബുധനാഴ്ച രാത്രി 9 ന്



**യൂട്യൂബ് ചാനൽ സന്ദർശിക്കുക**

www.youtube.com/egmof india Subscribe

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.

Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi - 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm - 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.